# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തുറവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ്.എ.- ഇ.കെ.എം.(പി4)1911/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 14/07/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തുറവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ്.എ.- ഇ.കെ.എം.(പി4)1911/21 തീയ്യതി: 14/07/2022

## എറണാകുളം ജില്ലയിലെ ഉറവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഉറവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ കെ എ ഷാജിമോൻ | ഡപ്യൂട്ടി ഡയറക്ടർ | 08-12-2021 | 18-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-12-2021 | 18-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ധീരജ് ജെ, ഓഡിറ്റ് ഓഫീസർ
ശ്രീമതി ടെസ്സി എം, ഓഡിറ്റ് ഓഫീസർ
ശ്രീ സന്തോഷ് കുമാർ കെ വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ പ്രസാദ് പി ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സന്തോഷ് കുമാർ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി വൃന്ദ സി എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ കെ.വൈ വർഗീസ് | പ്രസിഡന്റ് | 01-04-2020 | 07-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 08-11-2020 | 29-12-2020 |
| ശ്രീമതി ജീനി രാജീവ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ.ജയചന്ദ്രൻ കെ.കെ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അജിത് കുമാർ വി.എം | അസിസ്ററന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി സ്വപ്ന ടി ആർ | കൃഷി ഓഫീസർ | 01-04-2020 | 23-02-2021 |
| ശ്രീമതി ബെഷി വി ജി (ഇൻ ചാർജ്) | കൃഷി ഓഫീസർ | 24-02-2020 | 05-03-2021 |
| ശ്രീമതി ബബിത പി എസ് (ഇൻ ചാർജ്) | കൃഷി ഓഫീസർ | 06-03-2021 | 29-03-2021 |
| ശ്രീമതി കാർത്തിക വി | കൃഷി ഓഫീസർ | 30-03-2021 | 31-03-2021 |
| ശ്രീമതി ആനി സെബാസ്റ്റ്യൻ | വിഇഒ കിടങ്ങൂർ | 01-04-2020 | 31-03-2021 |
| ശ്രീ റെജി ടി.ആർ | വിഇഒ തുറവൂർ | 01-04-2020 | 31-03-2021 |
| ഡോ. അരുൺ ബി കൃഷ്ണ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2020 | 31-03-2021 |
| ഡോ. ബിന്ദു തോമസ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ. സിനി ഇഗ്നേഷ്യസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീ അരുൺ കുമാർ കെ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 11-10-2020 |
| ശ്രീമതി അനുപ്രിയ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 12-10-2020 | 31-03-2021 |
| ശ്രീ സുനിൽ കുമാർ എം ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 08-05-2020 |
| ഒഴിവ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 09-05-2020 | 16-07-2020 |
| ശ്രീ പ്രശാന്ത് | ഡയറി ഫാം ഇൻസ്ട്രക്ടർ | 17-07-2020 | 31-03-2021 |
| ശ്രീമതി റീന പി ടി | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2020 | 04-11-2020 |
| ശ്രീമത് സൈനബ സി എം | ഐസിഡിഎസ് സൂപ്പർവൈസർ | 05-11-2020 | 31-03-2021 |
| ഡോ. പ്രിയ മാത്യു | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Santhosh Kumar M (Auditor, On 21-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Santhosh Kumar M (Auditor, On 18-12-2021)<br>Last Updated By: Santhosh Kumar M (Auditor, On 18-12-2021) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 30-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Santhosh Kumar M (Auditor, On 16-12-2021)<br>Last Updated By: Joby George (Computer Assistant, On 08-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Santhosh Kumar M (Auditor, On 16-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Santhosh Kumar M (Auditor, On 18-12-2021)<br>Last Updated By: Santhosh Kumar M (Auditor, On 18-12-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി 2020-21<br>Written By: Prasad P G (Asst. Audit Officer, On 18-12-2021)<br>Last Updated By: Prasad P G (Asst. Audit Officer, On 18-12-2021) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Prasad P G (Asst. Audit Officer, On 18-12-2021)<br>Last Updated By: Joby George (Computer Assistant, On 08-07-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Vrinda C S (Senior Grade Auditor, On 18-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 18-12-2021) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Tessy (Audit Officer, On 22-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Santhosh Kumar M (Auditor, On 18-12-2021)<br>Last Updated By: Santhosh Kumar M (Auditor, On 18-12-2021) | 1-10 |
| 12 | ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക<br>Written By: Vrinda C S (Senior Grade Auditor, On 18-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-11 |
| 13 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്<br>Written By: Vrinda C S (Senior Grade Auditor, On 18-12-2021)<br>Last Updated By: Joby George (Computer Assistant, On 14-07-2022) | 1-12 |
| 14 | വാടക-അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 21-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-13 |
| 15 | ലൈസൻസ് ഫീ-അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 21-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-14 |
| 16 | ഇ-ടെണ്ടർ ഫോറത്തിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കുന്നില്ല.<br>Written By: Santhosh Kumar M (Auditor, On 20-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-15 |
| 17 | പഞ്ചായത്ത് കോമ്പൗണ്ടിൽ വാടകയും കരാറും ഇല്ലാതെ അക്ഷയ സെന്റർ നടത്താൻ അനുവദിച്ചത് സംബന്ധിച്ച്<br>Written By: Tessy (Audit Officer, On 22-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-16 |
| 18 | വഴി നിർമ്മാണം സംബന്ധിച്ച്<br>Written By: Tessy (Audit Officer, On 22-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-17 |
| 19 | കാൻസർ രോഗികൾക്ക് മരുന്ന് വാങ്ങൽ - മരുന്ന് ഇതുവരെയും കേരള മെഡിക്കൽ | 1-18 |

| | | |
|---|---|---|
| | സർവീസസ് കോർപ്പറേഷനിൽനിന്നും ലഭിച്ചിട്ടില്ല<br>Written By: Tessy (Audit Officer, On 22-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | |
| 20 | പവിഴപ്പൊങ്ങ്ചിറ-കിടങ്ങൂർ പള്ളിക്കവല റോഡ് വൈഡനിംഗ്- വാർഡ് 11-കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം വ്യക്തമല്ല.<br>Written By: Prasad P G (Asst. Audit Officer, On 21-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-19 |
| 21 | വാതക്കാട് എസ്.സി. കോളനി റോഡ് - സഞ്ചാരയോഗ്യമായ റോഡ് നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല<br>Written By: K.V.Santhosh Kumar (Asst. Audit Officer, On 17-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-20 |
| 22 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 21-12-2021)<br>Last Updated By: Joby George (Computer Assistant, On 14-07-2022) | 1-21 |
| 23 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് എന്ന തസ്തികയിൽ നിയമനം<br>Written By: K.V.Santhosh Kumar (Asst. Audit Officer, On 17-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-22 |
| 24 | എസ്.എസ്.കെ. പദ്ധതി-വിനിയോഗവിവരങ്ങൾ,മോണിറ്ററിംഗ് ഫലപ്രദമല്ല .<br>Written By: Dheeraj J (Audit Officer, On 26-12-2021)<br>Last Updated By: Joby George (Computer Assistant, On 08-07-2022) | 1-23 |
| 25 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Dheeraj J (Audit Officer, On 26-12-2021)<br>Last Updated By: Joby George (Computer Assistant, On 08-07-2022) | 1-24 |
| 26 | കുടുംബശ്രീ യൂണിറ്റുകൾക്ക് സ്വയം തൊഴിൽ സംരംഭം(തുണിസഞ്ചി നിർമ്മാണം)-പദ്ധതിയുടെ നിർവ്വഹണം നിരീക്ഷിക്കപ്പെടുന്നില്ല.<br>Written By: Dheeraj J (Audit Officer, On 26-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-25 |
| 27 | സുഭിക്ഷ കേരളം-തരിശ് ഭൂമി കൃഷി-സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കിയില്ല.<br>Written By: Dheeraj J (Audit Officer, On 27-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-26 |
| 28 | തുടർ വിദ്യാഭ്യാസ നടത്തിപ്പ് (സാക്ഷരത പ്രവർത്തനങ്ങൾ) പദ്ധതി-വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Dheeraj J (Audit Officer, On 26-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-27 |
| 29 | ഹോമിയോ മരുന്ന് യഥാസമയം ലഭ്യമായില്ല.<br>Written By: Dheeraj J (Audit Officer, On 27-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-28 |
| 30 | ക്ഷീര ഗ്രാമം പദ്ധതി നടത്തിപ്പ് - മാർഗ്ഗരേഖ പാലിച്ചില്ല.<br>Written By: Dheeraj J (Audit Officer, On 27-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-29 |
| 31 | പബ്ലിക്ക് ടാപ്പ് കട്ടിങ്ങ് ചാർജ് നൽകിയതിൽ അപാകതകൾ.<br>Written By: Dheeraj J (Audit Officer, On 27-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-30 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കെ ഡബ്ല്യു എ ക്ക് പബ്ലിക്ക് ടാപ്പ് കട്ടിങ്ങ് ചാർജ് നൽകിയതിൽ അപാകതകൾ.<br>Written By: Dheeraj J (Audit Officer, On 02-01-2022)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം<br>Written By: Santhosh Kumar M (Auditor, On 18-12-2021)<br>Last Updated By: Joby George (Computer Assistant, On 08-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Santhosh Kumar M (Auditor, On 16-12-2021) | 4-2 |

| | | |
|---|---|---|
| | Last Updated By: Joby George (Computer Assistant, On 08-07-2022) | |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Santhosh Kumar M (Auditor, On 18-12-2021)<br>Last Updated By: Joby George (Computer Assistant, On 08-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Santhosh Kumar M (Auditor, On 18-12-2021)<br>Last Updated By: Joby George (Computer Assistant, On 14-07-2022) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Santhosh Kumar M (Auditor, On 16-12-2021)<br>Last Updated By: Joby George (Computer Assistant, On 08-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Santhosh Kumar M (Auditor, On 18-12-2021)<br>Last Updated By: Santhosh Kumar M (Auditor, On 18-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Santhosh Kumar M (Auditor, On 18-12-2021)<br>Last Updated By: Santhosh Kumar M (Auditor, On 18-12-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Santhosh Kumar M (Auditor, On 18-12-2021)<br>Last Updated By: Santhosh Kumar M (Auditor, On 18-12-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Santhosh Kumar M (Auditor, On 18-12-2021)<br>Last Updated By: Santhosh Kumar M (Auditor, On 18-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Santhosh Kumar M (Auditor, On 18-12-2021)<br>Last Updated By: Joby George (Computer Assistant, On 14-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Santhosh Kumar M (Auditor, On 18-12-2021)<br>Last Updated By: Joby George (Computer Assistant, On 08-07-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 28.2.2020ലെ 1(1)നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിക്കുകയും പുതുക്കിയ ബജറ്റ് 10.02.2021 ലെ 3(1) നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 2020-21വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് |
|---|---|
| മുന്നിരിപ്പ് | 45691803.93 |
| വരവ് | 161389000.00 |
| ആകെ | 207080803.93 |
| ചെലവ് | 205514000.00 |
| നീക്കിയിരിപ്പ് | 1566803.93 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളിലും ഖണ്ഡിക 1-3ൽ ചേർത്തിട്ടുള്ള ധനകാര്യപത്രിക പ്രകാരമുള്ള വരവ് ചെലവുകളിലും വലിയ അന്തരം കാണുന്നു. ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യുക്തിസഹവും, യാഥാർത്ഥ്യവുമാകാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 26.04.2021 | - | - |

### 1-2-1 വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്). സാംഖ്യാ സോഫ്റ്റ് വെയറിൽ ഈ വിവരം ലഭ്യമല്ല എന്നാണ് അറിയിച്ചത്.

2. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -2874629/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 467661/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല. സാംഖ്യാ സോഫ്റ്റ് വെയറിന്റെ ഈ പോരായ്മ ഇൻഫോർമേഷൻ കേരളമിഷനെ നിലവിൽ അറിയിച്ചിട്ടുള്ളതാണ് എന്നാണ് അറിയിച്ചത്. കൃത്യമായ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സാംഖ്യാ സോഫ്റ്റ് വെയറിൽ ലഭ്യമാകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

3) ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(b) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റിസീവബിൾസ് (കറൻറ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. അപാകത പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. ഓരോവർഷവും ഇ-ടെണ്ടർ ഫോറത്തിന്റെ വരവ് അക്കൌണ്ടിൽ ഉൾപ്പെടുത്തുന്ന

എന്ന് ഉറപ്പ് വരുത്തി അറിയിക്കേണ്ടതാണ്.

4) വസ്തു നികുതിയുടെ ഡിമാന്റ് തുകകൾ സഞ്ചയ ഡിസിബി സ്റ്റേറ്റ്മെന്റ് അനുസരിച്ചുള്ള തുകകളാണ് വാർഷിക ധനകാര്യപത്രികയിൽ ചേർത്തിരിക്കുന്നത് എങ്കിലും ഇതിന് അടിസ്ഥാനമായ ഡിസിബി സ്റ്റേറ്റ്മെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി കൃത്യത ഉറപ്പുവരുത്തുന്നില്ല. 14606/- രൂപ റസിഡെൻഷ്യൽ വസ്തുനികുതി ഇനത്തിലും 1379/- രൂപ നോൺ റസിഡെൻഷ്യൽ വസ്തുനികുതി ഇനത്തിലും പ്രയർ പീരിയഡ് ഐറ്റംസ് എന്ന ഹെഡിൽ ചെലവായി രേഖപ്പെടുത്തിയതായി കാണുന്നു. മുൻകാലങ്ങളിൽ അഡ്വാൻസ് ആയി ലഭിച്ച തുക ആവർഷങ്ങളിൽ തൻവർഷ കളക്ഷനായി രേഖപ്പെടുത്തിയതിനാലാണ് ഇത്തരത്തിൽ ജേണൽ എൻട്രി വരുത്തുന്നത് എന്നാണ് മറുപടി നൽകിയത്. ഈ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല. ഏത് കെട്ടിടങ്ങളുമായി ബന്ധപ്പെട്ടാണ് ഇത്തരത്തിൽ വ്യത്യാസം ഉണ്ടായിട്ടുള്ളത് എന്നത് വിശദാംശങ്ങൾ അടക്കം അറിയിക്കേണ്ടതാണ്.

5) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.05.2011ലെ സർക്കുലർ നമ്പർ 58725/എഫ്.എം3/ 2008/ത.സ്വ.ഭ.വ പ്രകാരം തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാത്കൃത ബാങ്ക് അല്ലായെങ്കിൽ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. പഞ്ചായത്തിലെ തനത് വരുമാനം ട്രഷറി സേവിങ്ങ് അക്കൌണ്ടിനെ കൂടാതെ ദേശസാത്കൃത ബാങ്കായ എസ് ബി ഐ ബാങ്ക്. , എസ് ബി ഐ ഇ-പേയ്മെന്റ് അക്കൌണ്ടുകളിലും എറണാകുളം ഡിസ്ട്രിക്ട് സഹകരണ ബാങ്ക്, ഉറവൂർ സർവ്വീസ് സഹകരണ ബാങ്ക് , എന്നിങ്ങനെ നാല് അക്കൌണ്ടുകളിലാണ് നിക്ഷേപിക്കുന്നത്. കാലാകാലങ്ങളിൽ വിവിധ ആവശ്യങ്ങൾക്കായി അക്കൌണ്ടുകൾ ആവശ്യമായി വന്നതുകൊണ്ടാണ് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ സൂക്ഷിക്കുന്നത് എന്ന മറുപടി തൃപ്തികരമല്ല. പ്രത്യേക ആവശ്യത്തിനുള്ളതൊഴികെ തനത് ഫണ്ടിന് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ സൂക്ഷിക്കുന്നത് അഭികാമ്യമല്ല. ഇ പേയ്മെന്റ് അക്കൌണ്ടിൽ ലഭിക്കുന്ന വരവും തനത് ഫണ്ടിന് മാത്രമായുള്ള അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് എല്ലാ തനത് ഫണ്ട് ചെലവുകളും ഈ അക്കൌണ്ടിൽ നിന്ന് മാത്രം നൽകുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ്.

6. ബാലൻസ് ഷീറ്റ് ബി 11 ഷെഡ്യൂൾ പ്രകാരം 18 ഹെഡുകളിലായി ആസ്തികൾ അക്കൌണ്ട് ചെയ്തിട്ടുണ്ട് എങ്കിലും അക്യുമുലേറ്റഡ് ഡിപ്രസിയേഷൻ 10 ഹെഡുകളിലായി ആണ് അക്കൌണ്ട് ചെയ്തിട്ടുള്ളത്. വിവിധ ഡിപ്രസിയേഷൻ റേറ്റുകളുള്ള പല ആസ്തികളുടെയും ഡിപ്രസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡിലാണ് ചേർത്തിരിക്കുന്നത്. ആയതിനാൽ അദർ ഫിക്സഡ് അസറ്റ് തുക 478350/- ആണെങ്കിലും അതിന്റെ ഡിപ്രിസിയേഷൻ ആസ്തി മൂല്യത്തിനേക്കാൾ വളരെ കൂടുതലായി 1253392/ ആയി രേഖപ്പെടുത്തിയിരിക്കുന്നു. ആസ്തികളുടെ കാലപ്പഴക്കം സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമല്ല. സാംഖ്യാ സോഫ്റ്റ് വെയറിൽ എല്ലാ ആസ്തികൾക്കും ഡിപ്രിസിയേഷൻ ഹെഡ് ഇല്ലാത്തതാണ് ഇതിന് കാരണമായി അറിയിച്ചത്. സാംഖ്യാ സോഫ്റ്റ് വെയറിൽ മാറ്റം വരുത്തുന്നതിന് ഇൻഫോർമേഷൻ കേരളമിഷനുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

7) ബി-4 ഷെഡ്യൂളിൽ ബെനിഫിഷറി കോൺട്രിബ്യൂഷൻ എന്ന ഹെഡിൽ 53548/- രൂപ നിലനിൽക്കുന്നുണ്ട് . ഈ തുക വർഷങ്ങളായി നിലനിൽക്കുന്നതായതിനാൽ തനത് ഫണ്ടിലേക്ക് മാറ്റുന്നതിനായി നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

8) വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ പ്രകാരമുള്ള ഡിസിബി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട് എങ്കിലും അതിന്റെ കൃത്യത ഉറപ്പുവരുത്തുന്നില്ല..

9) വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യതാസത്തിനനുസരിച്ചും സാംഖ്യയിൽ ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. വർഷാവസാനം സാംഖ്യാ അക്കൌണ്ട് പ്രകാരമുള്ള വരവ് തന്നെ ഡിമാന്റ് ആയിട്ടുള്ള ഡിസിബി സ്റ്റേറ്റ്മെന്റുകൾ രജിസ്റ്ററിൽ ചേർക്കുകയാണ് ചെയ്യുന്നത് . അപാകത പരിഹരിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

10) എസ് ബി ഐ ലൈഫ് എന്ന അകൌണ്ടിൽ നിന്ന് അകൌണ്ട് കീപ്പിങ്ങ് ഫീസ് എന്ന ഇനത്തിൽ 654.50/-രൂപ ബാങ്ക് ഈടാക്കിയതായി കാണുന്നു. മിനിമം ബാലൻസ് ഇല്ലാതിരുന്നത് മൂലമാണ് ബാങ്ക് ചാർജ് ഈടാക്കിയത് എന്നറിയിച്ചു. നിലവിൽ ആവശ്യമില്ലാത്ത അക്കൌണ്ട് ആണെങ്കിൽ അക്കൌണ്ട് ക്ലോസ് ചെയ്യുകയോ, അല്ലാത്ത പക്ഷം ബാങ്ക് ചാർജ് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കുകയോ ചെയ്യേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം അവശ്യപ്പെട്ട് നൽകിയ 13.12.21 ലെ ഓഡിറ്റ് എൻക്വയറി നം 2 ന് നൽകിയ മറുപടി പരിഗണിച്ച ശേഷമുള്ള ഓഡിറ്റ് നിർദേശങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13559227.52 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 74508418.00 |
| ആകെ | 88067645.52 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 77383047.00 |
| നീക്കിയിരുപ്പ് | 10684598.52 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 258500.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1661000.00 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9695847 | 9695847 | 9695847 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3906491 | 3906491 | 2560745 | 0 | 1345746 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 192000 | 192000 | 0 | 0 | 192000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 18428000 | 18428000 | 18428000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3456681 | 3456681 | 3456681 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 7724580 | 7724580 | 7324884 | 0 | 399696 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | | 3940000 | 3940000 | 958750 | | 2981250 |
| കേന്ദ്രാവിഷ്കൃതഫണ്ട് | | | | | | |
| എൻ.ആർ.ഇ.ജി.എസ് 320100101- Admin.Exp+EFMS | 1 | 20721074 | 20721075 | 20719134 | 1941 | - |
| ICDS- 320100121 | 618695 | 1092132 | 1710827 | 1275366 | 435461 | - |
| സംസ്ഥാനാവിഷ്കൃതഫണ്ട് - | | | | | | |
| 320200309 സാക്ഷരത | 4506.64 | 140 | 4646.64 | 0 | 4646.64 | |
| 320 300 103 TSCസാനിറ്റേഷൻ | 116600 | 280000 | 396600 | 317093 | 79507 | |
| 320 100 115 (PBIG) | 291400 | 2139964 | 2431364 | 607000 | 1824364 | |
| 320 300 199 വിമുക്തി | 5260 | 1351671 | 1356931 | 1354171 | 2760 | 0 |
| 320200324 | - | 100000 | 100000 | 100000 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| Grant For Epidemic | | | | | | |
| 30400199 അംഗനവാടി നെയിം ബോർഡ് | | 274000 | 274000 | 220000 | 54000 | |
| 320 700 204 Joint Venture – Block Panchayat- Revenue Expenditure | 3840000 | - | 3840000 | 3240000 | 600000 | 0 |

1) വികസന ഫണ്ട് (ജനറൽ) -സോഴ്സ് ഡിഡക്ഷൻ- 11318000/- രൂപ, ക്യാപിറ്റൽ കോൺട്രിബ്യൂഷൻ - 59663/-രൂപ.

2). വികസന ഫണ്ട് (എസ് സി പി) -സോഴ്സ് ഡിഡക്ഷൻ- 58509/- രൂപ, ക്യാപിറ്റൽ കോൺട്രിബ്യൂഷൻ - 486579/-രൂപ ,

3). ധനകാര്യ കമ്മീഷൻ അവാർഡ്- ക്യാപിറ്റൽ കോൺട്രിബ്യൂഷൻ - 1320001/-രൂപ.

4). സംരക്ഷണ ഗ്രാന്റ് (റോഡ്)-ക്യാപിറ്റൽ കോൺട്രിബ്യൂഷൻ-1546164/-രൂപ.

5). സംരക്ഷണ ഗ്രാന്റ് (റോഡിതരം)-ക്യാപിറ്റൽ കോൺട്രിബ്യൂഷൻ - 229969/-രൂപ.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 178 | 119820165 | 170 | 63008336 | 28 | 8 | 142 | 79.77% |

## 1-6 തൊഴിലുറപ്പ് പദ്ധതി 2020-21

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1 | 1156288 | 1156289 | 1154348 | 1941 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | - | 19564786 | 19564786 | 19564786 | - |
| ആകെ | 1 | 20721074 | 20721075 | 20719134 | 1941 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 2255400 | 142 |
| വിധവാപെൻഷൻ | 14323300 | 965 |
| വാർദ്ധക്യകാലപെൻഷൻ | 31032600 | 2317 |
| വികലാംഗപെൻഷൻ | 4547400 | 295 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 1064600 | 69 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 480000 | 16 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.12.2021 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20,981/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ എല്ലാം ഏതാണ്ട് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. സ്യൂട്ട് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. കേസിന്റെ വിശദാംശങ്ങളും വക്കീൽ ഫീസ് നൽകിയതിന്റെ വിശദാംശങ്ങളും രേഖപ്പെടുത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ ഫയലുകൾ എല്ലാം കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി വൻതുകകൾ ഓരോ വർഷവും ചെലവാക്കുന്നുണ്ട്. വർഷം തോറും മെയിന്റനൻസ് നടത്തുന്നുണ്ടെങ്കിലും വീണ്ടും വീണ്ടും ഈയിനത്തിൽ തുകകൾ ചെലവാക്കേണ്ടിവരുന്ന സാഹചര്യത്തിൽ മെയിന്റനൻസ് നടത്തുന്നതിൽ ഗുണനിലവാരം നിലനിർത്തുന്നുണ്ടോ എന്ന കാര്യം പരിശോധിക്കപ്പെടേണ്ടതാണ് .

കോവിഡിന്റെ പശ്ചാത്തലത്തിൽ 2020-21 വർഷത്തിൽ ജനുവരി മാസത്തിൽ മാത്രമാണ് ഗ്രാമസഭ ചേർന്നിരിക്കുന്നത്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.12.2019 | നവംബർ 2019 | 30-1-2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.07.2014 | 2009-10മുതൽ 2013-14 വരെ | 20.10.2014 |

## 1-11 ബി.എസ്.എൻ.എൽ മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക

ഉറവൂർ ഗ്രാമപഞ്ചായത്തിലെ 14 -ാം വാർഡിൽ സ്ഥിതി ചെയ്യുന്ന 227 -ാം നമ്പർ ബി.എസ്.എൻ.എൽ മൊബൈൽ ടവറിന് കണക്കാക്കിയിരിക്കുന്ന വാർഷിക വസ്തു നികുതി 3465/- രൂപയാണ്. എന്നാൽ 2017-18 സാമ്പത്തികവർഷം മുതൽ ടി തുക കുടിശ്ശികയുള്ളതായി കാണുന്നു . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 5/14.12.2021 ന് പഞ്ചായത്ത് താഴെപ്പറയും പ്രകാരം മറുപടി നൽകിയിട്ടുണ്ട്. ബി.എസ്.എൻ.എൽ ടവറിന്റെ വസ്തു നികുതി 2017-18 മുതൽ കുടിശ്ശികയാണ്. ടി ടവറിന്റെ വസ്തു നികുതി ഈടാക്കുന്നതിന് ഓരോ വർഷവും ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതും ആയത് ബി.എസ്.എൻ.എൽ ഓഫീസിൽ കൈപ്പറ്റിയിട്ടുള്ളതുമാണ്. 2018-19 ൽ ടി നികുതി കുടിശ്ശിക ഈടാക്കുന്നതിന് Rr.kerala.gov.in എന്ന വെബ്സൈറ്റിൽ 2019/14454/07 നമ്പറായി 30.09.2019 ൽ റവന്യൂ റിക്കവറി റിക്വസിഷൻ നൽകിയിട്ടുണ്ട്. 28.11.2019 , 18.01.2021, 10.12.2021 എന്നീ തീയതികളിൽ നൽകിയ ഡിമാന്റ് നോട്ടീസുകൾ ബി.എസ്.എൻ.എൽ കൈപ്പറ്റിയതിന്റെ കോപ്പിയും ഹാജരാക്കിയിട്ടുണ്ട് . കുടിശ്ശിക തുകകൾ ഈടാക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വരുന്ന മുറയ്ക്ക് വിവരം അറിയിക്കേണ്ടതുമാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,205 (എ – കെ), 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ തൊഴിലെടുക്കുന്ന വ്യക്തികൾ പട്ടികയിൽ നിർദ്ദേശിക്കുന്ന വരുമാന നിരക്കനുസരിച്ച് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിലെ അപാകതകൾ താഴെ കൊടുക്കുന്നു

1) പഞ്ചായത്തിലെ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെപ്പറയുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഈ കരാറുകാർ പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തിട്ടുണ്ടോ എന്നുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇവരിൽ നിന്ന് ബാധകമായ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| ക്രമ നം | കരാറുകാരന്റെ പേര് |
|---|---|

| | |
|---|---|
| 1 | ജസ്റ്റിൻ പൌലോസ്, എടശ്ശേരി |
| 2 | ജെയിൻ.പി.പോൾ, പറേക്കാട്ടിൽ |
| 3 | ലോറൻസ്.എ.ജെ, ആട്ടോക്കാരൻ |
| 4 | സിജോ.പി.എൽ, പറേക്കാട്ടിൽ |
| 5 | സാബു സെബാസ്റ്റ്യൻ, പറേക്കാട്ടിൽ |
| 6 | ഷിബു ആന്റണി, ക്ലരൻകല്ലക്കാരൻ |
| 7 | രാജൻ.വി.വി, വാഴേലിപ്പറമ്പിൽ |
| 8 | എം.ജെ.ബേബി, മൂഞ്ഞേലി |
| 9 | ജോയ് കുര്യൻ, കരേടത്ത് |
| 10 | ബെഞ്ചമിൻ ബേബി, കരേടത്ത് |
| 11 | സെബാസ്റ്റ്യൻ പോൾ, കളപ്പറമ്പത്ത് |
| 12 | കെ.കെ.ജേക്കബ്, കരേടത്ത് |
| 13 | കെ.പി.ജോസ്, കുന്നപ്പിള്ളി |

2) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ളുഷാപ്പുകൾ, ഡ്രൈവിംഗ് സ്കൂളുകൾ, അക്ഷയ സെന്റർ, കമ്പ്യൂട്ടർ സെന്റർ എന്നിവിടങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.
മേൽ സ്ഥാപനങ്ങളിൽ നിന്നും കരാറുകാരിൽ നിന്നും നികുതി ഡിമാന്റ് ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ എൻക്വയറി 4 ന് ലഭിച്ച മറുപടിയിൽ ഈ പരാമർശം കരാറുകാരെ അറിയിച്ച് നികുതി ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് .റേഷൻ കട ലൈസൻസികൾക്കും കള്ള് ഷാപ്പ് ലൈസൻസികൾക്കും തൊഴിൽ നികുതി അടക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിരുന്നു എന്നും ആയതിന്റെ പകർപ്പും ഹാജരാക്കിയിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
3) 2020-21 സാമ്പത്തികവർഷം ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങൾ ലൈസൻസിനുള്ള അപേക്ഷയിൽ അവിടെ തൊഴിലെടുക്കുന്ന ജീവനക്കാരുടെ എണ്ണവും സൂചിപ്പിട്ടുണ്ട് .എന്നാൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതിക്ക് പുറമേ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം | ലൈസൻസ് രജിസ്റ്റർ നം | അപേക്ഷയിലെ ജീവനക്കാരുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കുളിർമ സോഡ | 3/370A | 59 | 9 | |
| 2 | ATC Cement Paving Tiles | 4/9A | 78 | 4 | |
| 3 | Emerald Fuels | 4/69A | 86 | 5 | |
| 4 | Mangaly Rock Products | 14/607 | 88 | 5 | 2019-20 വർഷത്തിലും അടച്ചിട്ടില്ല |
| 5 | St.antony M Sand Unit | 14/606 | 101 | 2 | |
| 6 | St.george Ice Plant | 11/205B | 107 | 2 | |
| 7 | Vplast | 8/76 | 125 | 2 | |
| 8 | Royal Concrete Products | 10/342 | 175 | 4 | |
| 9 | Padayattil Frames & Veneers | 8/96 | 185 | 5 | |
| 10 | Mangaly | 14/314 | 230 | 6 | |

| | | | | | |
|---|---|---|---|---|---|
| | Industries | | | | |
| 11 | 2M Components LLP | 5/431C | 239 | 3 | |
| 12 | Sajitha Saw Mill | 3/409A | 42 | 9 | 2019-20 വർഷത്തിൽ അടച്ചിട്ടില്ല |
| 13 | Sajitha Saw Mill | 3/409 | 43 | 4 | 2019-20 വർഷത്തിൽ അടച്ചിട്ടില്ല |
| 14 | Sabitha Veneer Unit | 8/396 | 45 | 3 | 2019-20 വർഷത്തിൽ അടച്ചിട്ടില്ല |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലെടുത്തവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാഞ്ഞതിന് കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി 8/15.12.2021 ക്ക് ലഭിച്ച മറുപടിയിൽ ടി സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 വാടക-അപാകതകൾ

1. പഞ്ചായത്തിന് വാടകയിനത്തിൽ 2018-19 വർഷത്തിൽ ലഭിക്കേണ്ടിയിരുന്ന 32214/-രൂപ കുടിശ്ശികയായി നിലനിൽക്കുന്നതായി കാണുന്നു. സർക്കാർ നിർദേശമുള്ളതിനാൽ കോവിഡ് പശ്ചാത്തലത്തിൽ ആർ.ആർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല എന്നറിയിച്ചു. കുടിശ്ശിക തുക ഈടാക്കി അറിയിക്കേണ്ടതാണ്.

2. 2020-21 വർഷം വാടകയിൽ നിയമപ്രകാരമുള്ള വാർഷിക വർദ്ധനവ് വരുത്തിയിട്ടുള്ളതായി കാണുന്നില്ല. കോവിഡ് പശ്ചാത്തലത്തിൽ 16-3-2020-ലെ 9(1) നമ്പർ തീരുമാന പ്രകാരം വാടകയിൽ വർദ്ധനയില്ലാതെ മുൻവർഷത്തെ വാടക തന്നെ ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതായി അറിയിച്ചു. സർക്കാർ നിർദേശപ്രകാരമുള്ള ഇളവുകൾ മാത്രം നൽകുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

3. 2018-19 വർഷത്തിൽ 19 കെട്ടിടങ്ങളുടെ വാടക ഈടാക്കിയിട്ടുണ്ട് എങ്കിലും അടുത്ത വർഷങ്ങളിൽ 11 കെട്ടിടങ്ങളുടെ വാടക മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഗവൺമെന്റ് ഐ ടി ഐ തുടങ്ങുന്നതിന് 8 മുറികൾ ഒഴിപ്പിച്ചിട്ടുള്ളതും കേസ് ഉള്ളതിനാൽ കരാർ പുതുക്കുന്നില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

4.പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയതോ അല്ലാത്തതോ ആയ എല്ലാ കെട്ടിടങ്ങളുടേയും വിശദാംശങ്ങൾ നിയമാവലിയും വാടകകരാറുകളും സഹിതം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടെങ്കിലും വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. വാടക രജിസ്റ്ററിൽ എല്ലാ കെട്ടിടങ്ങളും രേഖപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും മേൽ വിശദാംശങ്ങൾ ഹാജരാക്കേണ്ടതുമാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 14-12-21 ലെ ഓഡിറ്റ് എൻക്വയറി നം.3 ന് നൽകിയ മറുപടി പരിഗണിച്ച ശേഷമുള്ള ഓഡിറ്റ് നിർദേശങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-14 ലൈസൻസ് ഫീ-അപാകതകൾ

1. സാംഖ്യാ അക്കൌണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുകയാണ് ചെയ്യുന്നത്. രജിസ്റ്ററിൽ ചട്ടപ്രകാരം ആവശ്യമായ വിവരങ്ങൾ ചേർക്കുകയോ സെക്രട്ടറി ആധികാരികപ്പെടുത്തുകയോ ചെയ്യുന്നില്ല. രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തയ്യാറാക്കി ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി റീകൺസൈൽ ചെയ്യുന്നില്ല എന്നതിനാൽ ഡി സി ബി-യുടെ കൃത്യത ഉറപ്പാക്കുവാനാകുന്നില്ല.

2.കുടിശ്ശിക കൃത്യമായി രേഖപ്പെടുത്തുന്നില്ല. വരവ് തന്നെ ഡിമാന്റായി വർഷാവസാനം സാംഖ്യയിൽ ചേർക്കുന്നു. മുൻവർഷത്തെ വരവിന്റെ അടിസ്ഥാനത്തിൽ വർഷാരംഭത്തിൽ തന്നെ തൻവർഷ ഡിമാന്റ് സാംഖ്യയിൽ ചേർക്കുന്നില്ല. മുൻവർഷത്തെ വരവിനനുസരിച്ച് പ്രതീക്ഷിത ഡിമാന്റ് വർഷാരംഭത്തിൽ തന്നെ സാംഖ്യയിൽ ചേർക്കേണ്ടതും ഡിമാന്റിലുണ്ടാകുന്ന മാറ്റത്തിനനുസരിച്ച് പിന്നീട് ജേർണൽ എൻട്രിയിലൂടെ (ഡിമാന്റിൽ വ്യത്യാസം ഉണ്ടെങ്കിൽ) മാറ്റം വരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ സാംഖ്യാ അക്കൌണ്ടുകളുടെ പകർപ്പ് സഹിതം അറിയിക്കേണ്ടതുമാണ്.

3. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള സ്ഥാപനങ്ങളുടെ എണ്ണവും രജിസ്റ്റർ പ്രകാരമുള്ള സ്ഥാപനങ്ങളുടെ എണ്ണവും പൊരുത്തപ്പെടുന്നില്ല.

4.വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് വർഷാവർഷം കാലികമാക്കി ലിസ്റ്റിലെ ക്രമ പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നില്ല എന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ എല്ലാം തന്നെ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനാകുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് വർഷാവർഷം കാലികമാക്കി ലിസ്റ്റിലെ ക്രമ പ്രകാരം വാർഡ് തിരിച്ച് ലൈസൻസ് രജിസ്റ്റർ എഴുതുന്നു എന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതും ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

5. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31-10-2017 ലെ ജി. ഒ (പി) 80/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും മേൽ ഉത്തരവു പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള നിലവിലുണ്ടായിരുന്ന ഷെഡ്യൂൾ 2 ന് പകരം പുതിയ ഷെഡ്യൂൾ 2 ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ഇതു പ്രകാരം സ്ഥാപനങ്ങളെ ഉത്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾക്ക് യഥാക്രമം 500/-, 1000/-, 5000/-, 10000/-, 15000/- എന്ന പരമാവധി നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്. മേൽ ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നതിനായും ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനായി സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്ന് തരം തിരിച്ച് മൂലധന നിക്ഷേപം കണക്കാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നതിനും ഓരോ തരത്തിലുള്ള സ്ഥാപനങ്ങൾക്ക് പരമാവധി ഫീസ് നിശ്ചയിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടോ എന്ന അന്വേഷണ കുറിപ്പിന് 24.3.2018-ലെ 19/1 നമ്പർ തീരുമാന പ്രകാരം ഉത്തരവ് വായിച്ച് നടപ്പിൽ വരുത്താൻ തീരുമാനിച്ചിട്ടുള്ളതാണ് എന്ന് അറിയിച്ചു. പരിശോധനയിൽ 200, 300, 400, 500, 1000, 2000, 4000, 5000 എന്നിങ്ങനെയുള്ള വിവിധ നിരക്കുകളിൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നു. ഇത്തരത്തിൽ ചട്ടത്തിനു വിരുദ്ധമായി കുറഞ്ഞ നിരക്കുകളിൽ ഫീസ് ഈടാക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനും കൃത്യവിലോപത്തിനും ഇടയാക്കിയിട്ടുണ്ട്. അപാകതയ്ക്കുള്ള മറുപടിയിൽ ചട്ടപ്രകാരമുള്ള ഫീസ് ഉടൻ തന്നെ നിശ്ചയിക്കുന്നതാണ് എന്നാണ് അറിയിച്ചത്. മുൻവർഷങ്ങളിൽ വാങ്ങിയ ലൈസൻസ് തുക സാധൂകരിക്കുന്നതിന് കമ്മിറ്റി തീരുമാനം സമർപ്പിക്കുന്നതാണ് എന്ന മറുപടി തൃപ്തികരമല്ല. കുറഞ്ഞ നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ എത്രയും വേഗം ചട്ടപ്രകാരമുള്ള പരമാവധി ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇതുവരെയുള്ള നഷ്ടത്തിന് ഉത്തരവാദി ആയവരിൽ നിന്ന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

6.ലൈസൻസ് അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുകയോ മൂലധന നിക്ഷേപം പരിശോധിച്ച് റിപ്പോർട്ട് ചെയ്ത് അതനുസരിച്ച് ലൈസൻസ് ഫീ ഈടാക്കുകയോ ചെയ്യുന്നില്ല. മുൻവർഷം ഈടാക്കിയ ഫീസ് തന്നെ തൻവർഷവും ഈടാക്കുന്ന രീതിയാണ് സ്വീകരിക്കുന്നത്. അപേക്ഷകളിൽ കൃത്യമായ മൂലധനം രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അന്വേഷണ ഉദ്യോഗസ്ഥൻ അതിന്റെ കൃത്യത പരിശോധിക്കേണ്ടതുമാണ്.

7.സ്ഥാപനങ്ങൾക്ക് ഒന്നിൽ കൂടുതൽ വർഷത്തേക്ക് ലൈസൻസ് നൽകുന്നതായി കാണുന്നു. ഈ സ്ഥാപനങ്ങളുടെ രജിസ്റ്റർ ഹാജരാക്കേണ്ടതും അഡ്വാൻസ് ലഭിച്ച തുക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി നൽകേണ്ടതുമാണ്. മുൻവർഷങ്ങളിലും 2020-21 വർഷവും ഇത്തരത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയ സ്ഥാപനങ്ങളുടെ അഡ്വാൻസ് തുകയിൽ നിന്ന് തൻവർഷ വരവിലേക്ക് മാറ്റിയ തുകകളുടെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

8. പഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ എണ്ണത്തിലും (1057 കെട്ടിടങ്ങൾ) ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണത്തിലും ഗണ്യമായ വ്യത്യാസം കാണുന്നു. 2020-21 ൽ 297 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. പഞ്ചായത്തിലെ എല്ലാ വാണിജ്യ വ്യവസായ

ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിലും പ്രാദേശിക പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി അറിയിക്കേണ്ടതാണ്.

9.പഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള 20 അസംബ്ളി കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഈ സ്ഥാപനങ്ങളുടെ ലൈസൻസ് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. മേൽ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

10. പഞ്ചായത്ത് വാടകയ്ക്ക് നൽകിയിട്ടുള്ള 11 കെട്ടിടങ്ങളിൽ 6 കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് വിവരങ്ങൾ മാത്രമാണ് ലഭ്യമാക്കിയത്. ലൈസൻസ് വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല. എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 16-12-21 ലെ ഓഡിറ്റ് എൻക്വയറി നം 9 ന് നൽകിയ മറുപടി പരിഗണിച്ച ശേഷമുള്ള ഓഡിറ്റ് നിർദേശങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-15 ഇ-ടെണ്ടർ ഫോറത്തിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കുന്നില്ല.

മുൻകാലങ്ങളിലേത് ഉൾപ്പെടെ ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി പഞ്ചായത്തിന് ലഭിക്കേണ്ട തുക ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭിച്ചിട്ടില്ല. ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതു പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറുടെ 11/11/2021 ലെ 35/DR/2021-22 നമ്പർ കത്ത് പ്രകാരം 2015-16 മുതൽ 2020-21 വർഷം വരെയുള്ള വർഷങ്ങളിലായി 314553/- രൂപ ലഭിക്കാനുള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വർഷം | തുക |
|---|---|---|
| 1 | 2015-16 | 13335 |
| 2 | 2016-17 | 16520 |
| 3 | 2017-18 | 11000 |
| 4 | 2018-19 | 111575 |
| 5 | 2019-20 | 83882 |
| 6 | 2020-21 | 78241 |
| | ആകെ | 314553 |

അപാകതയ്ക്ക് നൽകിയ 13-12-21 -ലെ ഓഡിറ്റ് എൻക്വയറി നം 2 ന് തുക ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. ആകെ ലഭിക്കാനുള്ള തുകയായ 314553/- രൂപയുടെ കൃത്യത ഉറപ്പുവരുത്തേണ്ടതും തുക പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കി വിശദാംശങ്ങളടക്കം അറിയിക്കേണ്ടതുമാണ്.

1-16 പഞ്ചായത്ത് കോമ്പൗണ്ടിൽ വാടകയും കരാറും ഇല്ലാതെ അക്ഷയ സെന്റർ നടത്താൻ അനുവദിച്ചത് സംബന്ധിച്ച്

2020-21 വർഷത്തിൽ വൌച്ചർ നമ്പർ 22000102/8.5.2020 (Cheque No.245223, SBI) പ്രകാരം 15000/- രൂപ അഡ്വക്കേറ്റ് ജിജോ പോൾ കല്ലൂക്കാരന് അഡ്വക്കേറ്റ് ഫീ ഇനത്തിൽ നൽകിയിട്ടുണ്ട്. ശ്രീമതി.മിനി.പി.പി എന്നയാൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ട്രൈബ്യൂണലിൽ ഫയൽ ചെയ്ത 563/2019 നമ്പർ അപ്പീലിന്മേൽ ഹാജരാകുന്നതിനുവേണ്ടിയാണ് ഈ തുക നൽകിയിരിക്കുന്നത്. ശ്രീമതി മിനി പഞ്ചായത്ത് കോംപൌണ്ടിൽ നടത്തുന്ന അക്ഷയ സെന്റർ നീക്കം ചെയ്യുന്നതിനെതിരെയാണ് ടിയാൾ ട്രൈബ്യൂണലിനെ സമീപിച്ചിരിക്കുന്നത്.

ഇതു സംബന്ധിച്ചുള്ള ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രീമതി മിനി സന്തോഷ്, കണ്ണോത്ത് പറമ്പിൽ, കിടങ്ങൂർ എന്നയാൾക്ക്, ടിയാളുടെ ഭർത്താവും X - ാം വാർഡ് മെമ്പറുമായിരുന്ന വ്യക്തികൂടി ഉൾപ്പെടെയുള്ള 25.10.2011 – ലെ പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗിൽ 10-ാം നമ്പർ ആയി തീരുമാനം എടുത്താണ് അക്ഷയ സെന്റർ നടത്തുന്നതിന് അനുമതി നൽകിയിട്ടുള്ളത് എന്ന് കാണുന്നു. ഈ തീരുമാനം പ്രകാരം ടിയാൾക്ക് പഞ്ചായത്ത് കോംപൌണ്ടിൽ ഷെഡ് പണിയുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. കൂടാതെ 100/- രൂപ മുദ്രപ്പത്രത്തിൽ സെക്രട്ടറിയുമായി കരാർ വയ്ക്കണമെന്നും ഇത് എന്ന് നിർത്തിപ്പോകുന്നുവോ അന്നു മുതൽ കെട്ടിടം പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കും എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ ഈ അക്ഷയ സെന്റർ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പഴയ പഞ്ചായത്ത് കെട്ടിടം പൊളിച്ചപ്പോഴും അക്ഷയ സെന്റർ പ്രവർത്തിക്കുന്ന ഭാഗം പൊളിച്ചു നീക്കിയിട്ടില്ല. പി ഡബ്ള്യു ഡി റോഡിൽ നിന്നും പഞ്ചായത്തിലേക്ക് പ്രവേശിക്കുന്ന വഴിയിൽ ആണ് ഈ സെന്റർ നിലനിൽക്കുന്നത്. ഒരു സ്വകാര്യ വ്യക്തിക്ക് താൽപ്പര്യം ഉള്ളിടത്തോളം കാലം അനിശ്ചിതകാലത്തേക്ക് പഞ്ചായത്ത് കോംപൌണ്ടിൽ ഇപ്രകാരം ഒരു സ്ഥാപനം നടത്തിക്കൊണ്ട് പോകുന്നതിന് അനുമതി നൽകിയതിന് കാരണം ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കുന്നതിനും വാടക സംബന്ധിച്ചുള്ള വിവരങ്ങളും വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് 11 - ാം നമ്പർ

ആയി നൽകിയ എൻക്വയറിക്ക് മറുപടിയായി 25.10.2011 - ൽ പഞ്ചായത്ത് കമ്മിറ്റിയാണ് അക്ഷയസെന്റർ പണിയുന്നതിന് അനുമതി നൽകിയതെന്നും ഇതുവരെയും അക്ഷയനടത്തിപ്പുകാരി കരാർ വച്ചിട്ടില്ല എന്നും വാടകയിനത്തിൽ തുക ഒന്നും നൽകുന്നില്ല എന്നും പഞ്ചായത്ത് കോമ്പൗണ്ടിൽ അക്ഷയ സെന്റർ പ്രവർത്തിക്കുന്നതിന് അനുമതി നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുമതിക്കായി പഞ്ചായത്ത് ഓഫീസിൽനിന്നും അപേക്ഷ നൽകിയെങ്കിലും ആയതിന് ഇതുവരെ മറുപടി ലഭിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. ഇപ്രകാരം സ്വകാര്യ വ്യക്തിക്ക് പഞ്ചായത്ത് വസ്തുവിൽ ഒരു സ്ഥാപനം നടത്തുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുമതി തേടി അപേക്ഷ നൽകിയതിന്റെ സാഹചര്യം വ്യക്തമല്ല. ഫീസ് ഈടാക്കി സേവനങ്ങൾ നടത്തി നൽകുന്ന ഈ സ്ഥാപനത്തിന് വാടക ഒഴിവാക്കിക്കൊടുത്തതിന്റെ കാരണവും വ്യക്തമാക്കിയിട്ടില്ല.

നിലവിൽ ബഹു. ഹൈക്കോടതി മുൻപാകെ WP(C) 16443/2019 നമ്പറായി പഞ്ചായത്തിനെതിരെ അക്ഷയനടത്തിപ്പുകാരി ശ്രീമതി.മിനി പി പി കേസ് നൽകിയതിന്മേൽ തീരുമാനം ഒന്നും ആയിട്ടില്ല എന്ന് സെക്രട്ടറി മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

അക്ഷയനടത്തിപ്പുകാരി ശ്രീമതി.മിനി പി പി - യുടെ ഭർത്താവ് പഞ്ചായത്ത് കമ്മിറ്റി മെമ്പർ ആയിരുന്ന സമയത്ത് ടിയാൾ കൂടി ഉൾപ്പെട്ട പഞ്ചായത്ത് കമ്മിറ്റിയിൽ, ടിയാളുടെ ഭാര്യക്ക് വേണ്ടി പൊതുജനങ്ങളിൽനിന്നും ഫീസ് ഈടാക്കി സേവനങ്ങൾ നടത്തുന്ന ഈ കേന്ദ്രത്തിന് വാടക ഈടാക്കാതെ പഞ്ചായത്തിൽ ഒരു മുറി പണിയുന്നതിന് അനുവാദം നൽകിക്കൊണ്ടുള്ള തീരുമാനം എടുത്തതിനാലാണ് ഇപ്രകാരം തുടർച്ചയായി വ്യവഹാരങ്ങൾ നടത്തേണ്ട സാഹചര്യം ഉണ്ടായതെന്ന് നിരീക്ഷിക്കുന്നു. ഇത്തരം പ്രവർത്തികൾ മേലിൽ ആവർത്തിക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

1-17 വഴി നിർമ്മാണം സംബന്ധിച്ച്

സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീ കെ.കെ.വർഗീസ് ,കൂരൻ വീട് ,തുറവൂർ എന്നയാൾ തുറവൂർ പഞ്ചായത്ത് സെക്രട്ടറിയെക്കൂടി കക്ഷി ചേർത്ത് WP(c)40782/2017 എന്ന നമ്പറിൽ ഒരു സിവിൽ റിട്ട് പെറ്റീഷൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തതായി കാണുന്നു. ടിയാളുടെ സർവ്വേ നമ്പർ 337/7, Block 13 എന്ന വസ്തുവിന്റെ മുൻഭാഗത്തായി ഉപയോഗശൂന്യമായ ഒരു കന്നുകാലി പൌണ്ട് ഉള്ളത് പെറ്റീഷണർക്ക് ടിയാളുടെ വസ്തുവിൽ പ്രവേശിക്കുന്നതിനും പുറത്തുപോകുന്നതിനും, പൊതുജനങ്ങൾക്കും ശല്യമാണെന്നും ആയത് നീക്കം ചെയ്യണമെന്നുമാണ് ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്.
ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ടിയാൾ 14.10.2005 – ൽ ബഹു. മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിൽ കന്നുകാലി പൌണ്ട് സ്ഥിതി ചെയ്യുന്ന സ്ഥലം 1990 - ൽ ഇടമലയാർ പദ്ധതിക്ക് വേണ്ടി ഏറ്റെടുത്തതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്മേൽ താലൂക്ക് സർവ്വേയർ അതിർത്തി നിർണ്ണയിച്ചതിന്റെ അടിസ്ഥാനത്തിൽ റോഡിലാണ് ഈ ഷെഡ് സ്ഥിതി ചെയ്യുന്നതെന്ന് അഡീഷണൽ തഹസിൽദാർ പൊതുമരാമത്ത് വകുപ്പ് റോഡ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറെ 26.8.2016 – ലെ 5-6761016 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

നിലവിൽ ഈ ഷെഡ് പൂർണ്ണമായും ജീർണ്ണിച്ചുകഴിഞ്ഞിട്ടുള്ളതായി കാണുന്നു. കൂടാതെ ഇടമലയാർ പദ്ധതിക്ക് വേണ്ടി ഏറ്റെടുത്തതാണ് എന്ന് പരാതിക്കാരൻ വ്യക്തമാക്കിയിട്ടുള്ള ഈ സ്ഥലത്തുകൂടി പഞ്ചായത്തിന്റെ ചുറ്റുമതിലിന് പുറത്ത് മതിലിനോട് ചേർന്നായി കട്ട വിരിച്ച് വഴി നിർമ്മിക്കുകയും അതിലേക്ക് പഞ്ചായത്തിൽ നിന്നും പ്രവേശന മാർഗ്ഗം തുറക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഓഫീസിലേക്ക് മെയിൻ റോഡിൽനിന്നും നേരിട്ട് പ്രവേശനമാർഗ്ഗം ഉള്ളപ്പോഴാണ് ഇപ്രകാരം ഒരു വശത്തുകൂടി ഗേറ്റ് വച്ചിരിക്കുന്നത്. കൂടാതെ ഈ വഴിയുടെ അറ്റത്ത് ഇലക്ട്രിക് പോസ്റ്റ് സ്ഥാപിച്ച് അതിൽനിന്നും പഞ്ചായത്ത് ഓഫീസിലേക്കും സ്വകാര്യ വ്യക്തിയുടെ പുരയിടത്തിലേക്കും വൈദ്യുതി കണക്ഷനും എടുത്തിട്ടുള്ളതായി കാണുന്നു. പഞ്ചായത്തിന്റെ വസ്തുവിന്റെ അറ്റം വരെ സ്വകാര്യവ്യക്തിയുടെ പറമ്പിലേക്ക് എത്തിനിൽക്കുന്ന വിധത്തിലാണ് ഈ വഴി നിർമ്മിച്ചിരിക്കുന്നത്. ഇപ്രകാരം വഴി നിർമ്മിച്ച് കട്ട വിരിച്ചതും ഇലക്ട്രിക് പോസ്റ്റ് സ്ഥാപിച്ചതും പഞ്ചായത്ത് ചെലവിലാണോ എന്നത് സംബന്ധിച്ചും അങ്ങനെയാണെങ്കിൽ ഇപ്രകാരം വഴി നിർമ്മിക്കുന്നതിന് ആ വസ്തുവിന്റെ നിയമപ്രകാരമുള്ള ഉടമസ്ഥരിൽ നിന്നും സമ്മതപത്രം വാങ്ങി റിലിൻഗ്വിഷ് ചെയ്ത് റവന്യൂ നടപടികൾ പൂർത്തിയാക്കി ആ വഴി പഞ്ചായത്ത് ആസ്തിയാക്കി ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടോ എന്നത് സംബന്ധിച്ചും ഉള്ള കാര്യം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 12 -ാം നമ്പർ ആയി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിരുന്നു.

എന്നാൽ ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വഴി സംബന്ധിച്ച വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ചേർത്തതായും കാണുന്നില്ല. ഇപ്രകാരം വഴി നിർമ്മിക്കുന്നതിന് പഞ്ചായത്ത് ഫണ്ട് ഉപയോഗപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് യുക്തമായ നടപടിയല്ല എന്ന കാര്യം അറിയിക്കുന്നു.

1-18 കാൻസർ രോഗികൾക്ക് മരുന്ന വാങ്ങൽ - മരുന്ന് ഇതുവരെയും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽനിന്നും ലഭിച്ചിട്ടില്ല

പ്രോജക്റ്റ് നമ്പർ 48/21 പ്രകാരം 300000/- രൂപ (ബിൽ നമ്പർ 1084893/15.2.2021 ) കാൻസർ രോഗികൾക്ക് മരുന്ന വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് നടക്കുന്ന 12/2021 – ലും ഈയിനത്തിൽ മരുന്നുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. കാൻസർ രോഗികൾ എന്ന വിഭാഗം ഗുരുതര അവസ്ഥയിൽ ഉള്ളവരും മരുന്നിന്റെ അടിയന്തിര ഉപയോഗം ആവശ്യമുള്ളവരുമാണ് എന്നിരിക്കെ ഇത്രയും വൈകി മരുന്ന് ലഭിക്കുന്നത് അവരുടെ ശാരീരികാവസ്ഥയെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യം ഉളവാക്കുന്നു. മരുന്ന് വിതരണം നടത്തുന്ന ഏജൻസിയെ ഇക്കാര്യം ബോദ്ധ്യപ്പെടുത്തി മരുന്നുകൾ അടിയന്തിരപ്രാധാന്യത്തോടെ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽനിന്നും മരുന്ന് ലഭിക്കുന്നതുവരെ ഈയിനത്തിൽ ചെലവാക്കിയ 300000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-19 പവിഴപ്പൊങ്ങ്ചിറ-കിടങ്ങൂർ പള്ളിക്കവല റോഡ് വൈഡനിംഗ്- വാർഡ് 11- കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം വ്യക്തമല്ല.

| | |
|---|---|
| പ്രോജക്റ്റ് നം | 190/19-20 |
| പ്രോജക്ടിന്റെ പേര് | പവിഴപ്പൊങ്ങ്ചിറ-കിടങ്ങൂർ പള്ളിക്കവല റോഡ് വൈഡനിംഗ്- വാർഡ് 11 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| സാങ്കേതികാനുമതി ,തുക | LSGD /TS/2019-20/23698 തീയതി:03.02.20, 4,00,000/- |
| കരാറുകാരൻ | ശ്രീ. ജോയ് കുര്യൻ |
| കരാർ ഉടമ്പടി നം. | 55/AE/LSGD/19-20/ തീയതി.26.02.2020 |
| എം ബുക്ക് | 476/19-20, 485/19-20 |

ഗ്രാമപഞ്ചായത്തിലെ പവിഴപ്പൊങ്ങ്ചിറ-കിടങ്ങൂർ പള്ളിക്കവല റോഡ് വൈഡനിംഗ്- വാർഡ് 11 എന്ന പ്രവൃത്തിക്കായി ആവിഷ്കരിച്ച പദ്ധതിയാണിത്. റോഡിന്റെ ആദ്യഭാഗത്ത് സൈഡ് ബേമിന് വീതികുറവായതിനാൽ 60 മീ നിളത്തിൽ സൈഡ് കോൺക്രീറ്റിംഗ്, 133 മീ നീളത്തിൽ ഇരുവശവും ടൈൽ വിരിക്കൽ എന്നിവ ഉൾപ്പെടുത്തിയുള്ള എസ്റ്റിമേറ്റാണ് ഇതിനായി തയ്യാറാക്കിയത്. ആകെ 4,00,000/- രൂപ അടങ്കലുള്ള പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ .ജോയ് കുര്യൻ എന്ന കരാറുകാരനുമായി എഗ്രിമെന്റിലേർപ്പെട്ട് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്.

1) 80 Mm Thick Interlocking Paver Block വിരിച്ചാണ് റോഡിന് വീതി കൂട്ടുന്ന പ്രവൃത്തി ചെയ്തത്. ഈയിനത്തിനും, സൈഡ് ബേം കോൺക്രീറ്റിംഗ് ചെയ്യുന്നതിനും ആകെ കുഴിച്ചെടുത്തത് 65.184 $M^3$ മണ്ണാണ്. കുഴിച്ചെടുത്ത മണ്ണ് (ഏകദേശം 20 ലോഡ്) റോഡ് സൈഡിൽ തന്നെ നിക്ഷേപിച്ചതായാണ് അളവുപുസ്തകം പേജ് 7 ൽ രേഖപ്പെടുത്തിയിട്ടുള്ളത്. റോഡിന് ഇരുവശവും കട്ടവിരിക്കുകയും, വീതി കുറഞ്ഞ ഭാഗത്ത് കോൺക്രീറ്റിംഗും നടത്തുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഒറിജിനൽ എസ്റ്റിമേറ്റിൽ ഒരു ഇനമായി ഇല്ലാതിരിക്കെ ലഭിച്ച മണ്ണ് റോഡ് സൈഡ് ഫില്ലിംഗിനായി വിനിയോഗിച്ചുവെന്ന് കരുതാനാവില്ല.

പഞ്ചായത്തിലെ പവിഴപ്പൊങ്ങ് ചിറ-കിടങ്ങൂർ പള്ളിക്കവല റോഡ് വൈഡനിംഗ് പ്രവൃത്തിയുടെ ഭാഗമായി ലഭിച്ച 82.88 $M^3$ മണ്ണ് ലേലം ചെയ്ത് വിൽക്കാൻ 10.02.2021 ലെ 14(1) നമ്പർ പ്രകാരം ജനറൽകമ്മിറ്റി തീരുമാനമെടുത്തതായി മിനിട്ട്സ് രേഖകളിൽ കണ്ടിരുന്നു. മണ്ണ് ലേലം നടത്തി വിൽപ്പന നടത്തിയെങ്കിൽ ലഭ്യമായ തുകയുടെ വിശദാംശങ്ങളും, ലേല ഫയലും ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( നം 6/14.12.2021) നൽകിയെങ്കിലും മറുപടി ഹാജരാക്കുകയുണ്ടായില്ല. പ്രവൃത്തിയുടെ പേര് ഒന്നു തന്നെയാണെങ്കിലും ലഭിച്ചതായി പറയുന്ന മണ്ണിന്റെ അളവിൽ വ്യത്യാസമുള്ളതായി കാണുന്നു.

മേൽ അപാകതകൾ പരിശോധിച്ച് മറുപടി നൽകേണ്ടതും, മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ലഭിക്കുന്ന മണ്ണിന്റെ വില കരാറുകാരനു നൽകുന്ന ബില്ലിൽ നിന്നും കുറവ് ചെയ്യുകയോ വിനിയോഗം സംബന്ധിച്ച വിവരം കമ്മിറ്റി തീരുമാനം സഹിതം അളവു പുസ്തകത്തിൽ രേഖപ്പെടുത്തുകയോ ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 വാതക്കാട് എസ്.സി. കോളനി റോഡ് - സഞ്ചാരയോഗ്യമായ റോഡ് നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല

2020-21 വർഷത്തെ വിവരാവകാശ അപേക്ഷകൾ പരിശോധിച്ചതിൽ പഞ്ചായത്തിലെ രണ്ടാം വാർഡിൽ വാതക്കാട് എസ്.സി. കോളനിയിൽ നിവസിക്കുന്ന 22 കുടുംബങ്ങളിൽപ്പെട്ട 80 ഓളം പേർ ചേർന്ന് തങ്ങളുടെ വാസസ്ഥലത്തേക്ക് റോഡ് ഇല്ലാത്തതിനാൽ അനുഭവിക്കുന്ന യാത്രാദുരിതത്തെ സംബന്ധിച്ച് പരാതി ഉന്നയിച്ചതായി കാണുന്നു. ഈ സ്ഥലത്തേക്ക് ജില്ലാ പഞ്ചായത്ത് ഏതാണ്ട് രണ്ട് വർഷം മുമ്പ് 25 ലക്ഷം രൂപ അടങ്കലായി പദ്ധതി രൂപീകരിച്ച് ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിച്ചെങ്കിലും നിർമ്മാണം പാതിവഴിയിൽ ആക്കി ഉപേക്ഷിക്കുകയായിരുന്നുവെന്നും സൂചിപ്പിച്ചിട്ടുണ്ട്. ഈ പ്രവൃത്തി പുനരാരംഭിക്കുന്നത് സംബന്ധിച്ച് പഞ്ചായത്തിന് വിവരങ്ങൾ ലഭ്യമാണോ എന്ന് അപേക്ഷയിൽ ആരാഞ്ഞിട്ടുണ്ട്. കൂടാതെ റോഡ് നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ ഊറവൂർ പഞ്ചായത്തിന് നല്കിയ നിവേദനത്തിന്റെ സ്ഥിതി അറിയിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. വിവരാവകാശപ്രകാരം നല്കിയ അപേക്ഷക്ക് മറുപടിയായി 2020-21 വർഷത്തിൽ 460000 രൂപ അടങ്കലായി വാതക്കാട് എസ്.സി. കോളനി റോഡ് എന്ന പദ്ധതി വാർഷിക പദ്ധതിപ്രകാരം രൂപീകരിച്ചിട്ടുണ്ടെന്നാണ് മറുപടി നല്കിയിട്ടുള്ളത്(പദ്ധതി നമ്പർ 199/21). എന്നാൽ വാർഷിക പദ്ധതി ചെലവ് രേഖ പ്രകാരം ഇങ്ങനെയൊരു പദ്ധതി നടപ്പിലാക്കിയതായി കാണുന്നില്ല. ഉപേക്ഷിക്കപ്പെട്ട പദ്ധതികളിൽ ലിസ്റ്റ് ചെയ്യപ്പെട്ട പദ്ധതിയാണിതെന്ന് സുലേഖ പദ്ധതി രേഖയിൽ നിന്ന് ബോധ്യപ്പെട്ടു. ജില്ലാ പഞ്ചായത്തിന്റെ പദ്ധതി സംബന്ധിച്ച് ഊറവൂർ പഞ്ചായത്തിൽ വിവരങ്ങൾ ലഭ്യമല്ല എന്നും വിവരാവകാശഅപേക്ഷയുടെ മറുപടിയിൽ പഞ്ചായത്ത് സൂചിപ്പിച്ചിട്ടുണ്ട്. ഊറവൂർ പഞ്ചായത്ത് പ്രദേശത്തുള്ള പ്രസ്തുത സ്ഥലത്തേക്ക് ജില്ലാ പഞ്ചായത്ത് പദ്ധതി രൂപീകരിച്ച് റോഡ് നിർമ്മാണം ആരംഭിച്ചവേളയിൽ ഊറവൂർ പഞ്ചായത്തുമായി ആശയവിനിമയം ഉണ്ടായിട്ടുണ്ടാകേണ്ടതാണ്. സ്വാഭാവികമായും ഇതിന്റെ തുടർച്ചയായി, പദ്ധതി ആരംഭിക്കുകയും പൂർത്തീകരിക്കാൻ സാധിക്കാതെ വരികയും ചെയ്തിട്ടുണ്ടെങ്കിൽ പ്രവൃത്തി നടപ്പിലാക്കിയത് എവിടെ വരെയെന്നും പദ്ധതി ജില്ലാ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് തന്നെ പൂർത്തീകരിക്കപ്പെടാൻ സാധ്യതയുണ്ടോ എന്നതുമൊക്കെ സംബന്ധിച്ച് പഞ്ചായത്തിൽ വിവരം ഉണ്ടാകേണ്ടതാണ്. വിവരാവകാശനിയമപ്രകാരം അപേക്ഷ നല്കിയവരുമായി ആശയവിനിമയം നടത്തിയതിൽ നിന്നും , ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച സ്ഥലത്ത് IAY പദ്ധതിയുടെ ഭാഗമായി 2012-13വർഷം വീടുകൾ നിർമ്മിച്ച പട്ടികജാതി കുടുംബങ്ങളാണ് ഇവർ എന്ന് മനസ്സിലാക്കാൻ സാധിച്ചു. ഏതാനും വർഷങ്ങൾക്ക് മുൻപ് ജില്ലാ പഞ്ചായത്ത് പദ്ധതിയായ റോഡ് നിർമ്മാണത്തിന്റെ ഭാഗമായി മണ്ണിട്ടുയർത്തുന്ന വേളയിൽ ചിലയാളുകൾ തടസ്സപ്പെടുത്തിയതിനാൽ കരാറുകാരൻ പ്രവൃത്തി ഉപേക്ഷിച്ചുപോകുകയായിരുന്നു എന്ന് വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്നു. സ്ഥലം സന്ദർശിച്ചപ്പോൾ പ്രസ്തുത അപേക്ഷകരുൾപ്പെടെയുള്ള റോഡിന്റെ ഗുണഭോക്താക്കളായ പരിസരവാസികളിൽ നിന്നും ഇക്കാര്യം മനസ്സിലാക്കാനും സാധിച്ചു. പദ്ധതി നടപ്പാക്കുന്ന ഭൂമി 'നിലം' ആണെന്ന വസ്തുതയാണ് എതിർപ്പുയർത്തിയവർ ഉന്നയിച്ചത്. 2019-20, 2020-21 വർഷങ്ങളിൽ ഊറവൂർ ഗ്രാമപഞ്ചായത്ത് റോഡ് നിർമ്മാണത്തിനായി തുക വകയിരുത്തിയിരുന്നെങ്കിലും റോഡ് നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥലം സന്ദർശിച്ചപ്പോൾ ജില്ലാപഞ്ചായത്ത് ആരംഭിച്ച റോഡ് നിർമ്മാണം പകുതിയോളം ദൂരം മെറ്റലിങ്ങ് നടത്തി അവസാനിപ്പിച്ചതായി കാണാൻ കഴിഞ്ഞു. ബാക്കി ഭാഗത്തുള്ള വെള്ളക്കെട്ട് താണ്ടിയാൽ മാത്രമേ വീടുകളിലേക്കെത്തിച്ചേരാൻ സാധിക്കുകയുള്ളൂ എന്ന് ബോധ്യമാകുന്നു. ഈ ഭാഗത്ത് റോഡ് ഇല്ല. വെള്ളക്കെട്ട് താണ്ടാൻ അടക്കാമരത്തണ്ടുകൾ ചേർത്ത് വച്ച് പാലം പോലെ ഉപയോഗിക്കുന്ന ശോചനീയമായ സ്ഥിതിയാണുള്ളത്. പദ്ധതി ഉപേക്ഷിക്കപ്പെടാനുള്ള കാരണം ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി(നം.1/12.12.21) നല്കിയിരുന്നു. പദ്ധതി അംഗീകാരം ലഭിച്ചെങ്കിലും നിലമാണെന്ന കാരണത്താൽ കമ്മിറ്റി തീരുമാനപ്രകാരം ഉപേക്ഷിക്കപ്പെടുകയായിരുന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ഒരു തദ്ദേശ സ്ഥാപനത്തിന്റെ ഭവനപദ്ധതി പ്രകാരം വീട് ലഭിച്ച പ്രസ്തുത കുടുംബങ്ങൾക്ക് അവിടേക്ക് വെള്ളക്കെട്ടില്ലാത്ത, സഞ്ചാരയോഗ്യമായ പാത ലഭ്യമാകണമെന്ന ആവശ്യം ജില്ലാ/ബ്ലോക്ക് /ഗ്രാമ പഞ്ചായത്തുകൾക്ക് നാളിതുവരെ ഇത് നിവൃത്തിച്ചുനല്കാൻ സാധിച്ചിട്ടില്ല. റോഡ് നിർമ്മിക്കേണ്ട ഭൂമി സാങ്കേതികമായി 'നിലം' എന്ന വിഭാഗത്തിൽ പെടുന്നുവെങ്കിലും മാനുഷിക പരിഗണന കണക്കിലെടുത്ത് റോഡ് നിർമ്മാണത്തിനാവശ്യമായ അനുമതി നേടിയെടുക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുകൂടി ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്. ഉയർന്ന അടങ്കൽ തുകയുള്ള ഇത്തരം ഒരു പദ്ധതി യാഥാർത്ഥ്യമാകണമെങ്കിൽ ജില്ലാ/ബ്ലോക്ക് /ഗ്രാമ പഞ്ചായത്തുകൾ സംയുക്തമായി നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. റോഡിനായി ഭൂമി മണ്ണിട്ട് ഉയർത്തുന്നത് സംബന്ധിച്ച് സാങ്കേതികമായ തടസ്സങ്ങളുണ്ടെങ്കിൽ നിയമാനുസൃതമായി ആയത് പരിഹരിക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ശ്രമമുണ്ടാകേണ്ടതാണ്. വരും വാർഷിക പദ്ധതികളിലുൾപ്പെടുത്തി ഘട്ടംഘട്ടമായോ ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുമായി സഹകരിച്ച് ഒറ്റ പദ്ധതിയായോ പ്രസ്തുത റോഡ് യാഥാർത്ഥ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി വിവിധ നിർമ്മാണ പ്രവൃത്തികൾ

ചെയ്തിട്ടുള്ളതിൽ സാധനങ്ങൾ വാങ്ങുന്നതിലും വിനിയോഗിക്കുന്നതിലും താഴെ ചേർക്കുന്ന അപാകതകൾ കാണുന്നുണ്ട്.

എ)ടെണ്ടർ നടപടികളിലെ അപാകതകൾ

1. നിർമ്മാണ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ആകെ അടങ്കൽ കണക്കിലെടുക്കാതെ ടെണ്ടർ ക്ഷണിച്ചിരിക്കുന്നു

തൊഴിലുറപ്പ് പദ്ധതിയിൽ സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ(എം.എസ്) നം 93/2012/തസ്വഭവ തീയതി 31.03.2012 പ്രകാരം പുറപ്പെടുവിച്ചിരുന്നു. പിന്നീട് ജി.ഒ(എം.എസ്) നം 138/2017/തസ്വഭവ തീയതി 18.07.2017 പ്രകാരം പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചെങ്കിലും, ജി.ഒ(എം.എസ്) നം 254/2017/തസ്വഭവ തീയതി 15.12.2017 ഉത്തരവ് പ്രകാരം അത് റദ്ദ് ചെയ്യുകയും ആദ്യത്തെ ഉത്തരവ് പ്രാബല്യത്തിലുണ്ടാവുമെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പഞ്ചായത്ത് തലത്തിൽ ഒരു പ്രൊക്യൂർമെന്റ് കമ്മിറ്റിയും സബ് കമ്മിറ്റിയും രൂപീകരിക്കണമെന്നും അർദ്ധവാർഷിക അടിസ്ഥാനത്തിലുള്ള പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കി ടെണ്ടർ/ക്വട്ടേഷൻ മുഖേന വാങ്ങൽ നടത്തണമെന്നും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നു (വിശദാംശങ്ങൾക്ക് ഉത്തരവ് കാണുക) ഭരണാനുമതി നൽകിയ പദ്ധതികളിൽ ഏകദേശം മെറ്റീരിയൽ വില കണക്കാക്കി ആകെ അടങ്കൽ കണക്കാക്കി വേണം ടെണ്ടർ ക്ഷണിക്കാൻ. ആകെ അടങ്കൽ തുക 5 ലക്ഷത്തിൽ അധികരിച്ചാൽ ഇ-ടെണ്ടർ മുഖാന്തിരം വാങ്ങൽ നടത്തണം. എന്നാൽ ആകെ അടങ്കൽ കണക്കിലെടുക്കാത്തതിനാൽ ഇ-ടെണ്ടർ മുഖേനയല്ല കരാറുകാരനെ തെരഞ്ഞെടുത്തിട്ടുള്ളത്.

2. ആകെ അടങ്കൽ കണക്കിലെടുക്കാത്തതിനാൽ ടെണ്ടർഫോറം വിലയും കുറവായാണ് ഈടാക്കിയിരിക്കുന്നത്. ആകെ അടങ്കൽ പരാമർശിക്കാതെ, ടെണ്ടർ നോട്ടീസിൽ 400/-രൂ+ GST ആണ് ടെണ്ടർഫോറം വിലയായി കാണിച്ചിരിക്കുന്നത്.

3. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത ആട്ടിൻകൂട് നിർമ്മാണം, തൊഴുത്ത് നിർമ്മാണം തുടങ്ങിയ വ്യക്തിഗത പദ്ധതികൾ ഉൾപ്പെടെ എല്ലാ പ്രവൃത്തികൾക്കും മെറ്റീരിയൽ & ലേബർ സപ്ലൈ ചെയ്യുന്നത് ഒറ്റ കരാർ മുഖേനയാണ്. മുൻ വർഷം കരാർ ഏറ്റെടുത്തിരുന്ന ശ്രീ. സിജോ പി.എൽ .എന്ന കരാറുകാരനാണ് 2020-21 വർഷവും കരാർ ലഭിച്ചിട്ടുള്ളത്. ഓരോ പ്രവൃത്തിയുടേയും എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കിൽ സാധനങ്ങൾ സപ്ലൈ ചെയ്യാനാണ് കരാർ നൽകിയിട്ടുള്ളത്. 2020-21ൽ ഈയിനത്തിൽ 34,24,233/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

പ്രവൃത്തി സ്ഥലത്ത് സ്ഥാപിക്കുന്ന ഡിസ്പ്ലേ ബോർഡിന് തുക നൽകിയിട്ടും അവ കൃത്യമായി സ്ഥാപിക്കുന്നില്ല.

ഓരോ പ്രവൃത്തിക്കുമുള്ള എസ്റ്റിമേറ്റിൽ ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കുന്നതിനുള്ള തുകയും വകയിരുത്തുന്നുണ്ട്. കോഴിക്കൂട്, ആട്ടിൻകൂട് നിർമ്മാണം തുടങ്ങിയ വ്യക്തിഗത പദ്ധതികൾക്ക് 1000/- രൂപയും, റോഡ് പ്രവൃത്തികൾക്ക് 3000/- രൂപയുമാണ് തുക നൽകുന്നത്. മെറ്റീരിയൽ സപ്ലൈ ചെയ്യുന്ന കരാറുകാരൻ തന്നെയാണ് ഇതിനുള്ള തുകയും നൽകിയിരിക്കുന്നത്. ഏതാനും പ്രവൃത്തിസ്ഥലത്ത് നേരിട്ട് പോയി പരിശോധിച്ചപ്പോൾ അവിടെയൊന്നും ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചിട്ടുള്ളതായി കണ്ടില്ല. ആട്ടിൻകൂട്, കോഴിക്കൂട് എന്നിവയുടെ ഭിത്തിയിൽ ഏകദേശം 6ചതുരശ്ര അടി മഞ്ഞ പ്രതലത്തിൽ കറുത്ത പെയിന്റിൽ പ്രവൃത്തിയുടെ വിവരം എഴുതിയിരിക്കുയാണ് ചെയ്തിരിക്കുന്നത്. ഒരു പ്രവൃത്തി സ്ഥലത്ത് മഞ്ഞ പെയിന്റ് അടിച്ചിട്ടുള്ളതല്ലാതെ ഒന്നും എഴുതിയിട്ടില്ല. കുറഞ്ഞ ചെലവിൽ ചെയ്യാവുന്ന ഈ ഇനത്തിനും 1000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഇതുവഴി കരാറുകാരന് അനർഹമായ ആനുകൂല്യം ലഭിക്കാനിടവന്നിട്ടുണ്ട്. തൻവർഷം ചെയ്ത മറ്റീരിയൽ വർക്കുകളുടെ ഇനം തിരിച്ചുള്ള വിവരവും, ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചതിന് നൽകിയ തുകയുടെ വിവരവും താഴെ ചേർക്കുന്നു.

| 2020-21 | | | | |
|---|---|---|---|---|
| ക്രമ നം | പ്രവൃത്തിയുടെ തരം | എണ്ണം | ഡിസ്പ്ലേ ബോർഡിന് നൽകിയ നിരക്ക് | ഡിസ്പ്ലേ ബോർഡിന് ചെലവായ തുക |
| 1 | ആട്ടിൻ കൂട് നിർമ്മാണം | 23 | 1000 | 23,000 |
| 2 | തൊഴുത്ത് നിർമ്മാണം | 9 | 1000 | 9,000 |
| 3 | കോഴിക്കൂട് നിർമ്മാണം | 22 | 1000 | 22,000 |
| 4 | കമ്പോസ്റ്റ് കുഴി | 36 | 1000 | 36,000 |
| 5 | റോഡ് | 5 | 3000 | 15,000 |
| | | | | 1,05,000 |

സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും ജി.എസ്.ടി.-ടി.ഡി.എസ് ഈടാക്കുന്നില്ല

2017 ലെ ജി,എസ്.ടി നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപക്ക് മുകളിൽ വരുന്ന വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും

ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്നും 2 % തുക ജി.എസ്.ടി ഇനത്തിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് ജി.എസ്.ടി വകുപ്പിൽ അടവാക്കേണ്ടതുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ സാമ്പത്തിക ഇടപാടുകളും എം.ഐ.എസിലൂടെ നടത്തുന്നതുകൊണ്ടും, ജി.എസ്.ടി കുറവ് ചെയ്യാൻ അതിൽ സംവിധാനമില്ലാത്തതിനാലും, അപ്രകാരം ശരിയാകുന്നതുവരെ സപ്ലെയർ അന്തിമ ബിൽ പ്രകാരമുള്ള ജി.എസ്.ടി തുക ഗ്രാമ പഞ്ചായത്തിൽ നേരിട്ട് അടവാക്കിയെന്ന് ഉറപ്പ് വരുത്തി ബിൽ സെറ്റിൽ ചെയ്യാൻ തൊഴിലുറപ്പ് പദ്ധതി കേരള മിഷൻ ഡയറക്ടർ നിർദ്ദേശിച്ചിരുന്നു (30.07.2019 ലെ 957/ഇ.ജി.എസ്-സി/10/ആർ.ഇ.ജി.എസ് നമ്പർ കത്ത്). എന്നാൽ മേൽ നിർദ്ദേശം പാലിക്കാതെയാണ് 2020-21 വർഷത്തിൽ നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്ത കരാറുകാരന് മേൽ പ്രകാരമുള്ള തുക നൽകിയിട്ടുള്ളത്. കരാറുകാരന് തൻവർഷം നൽകിയിട്ടുള്ള തുകയായ 34,24,233/- രൂപയുടെ 2 % 68,485/- രൂപ ജി.എസ്.ടി ടി.ഡി.എസ് ഇനത്തിൽ പഞ്ചായത്തിൽ ഒടുക്കി റിട്ടേൺ ഫയൽ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

ബി) <u>സപ്ലൈ ചെയ്ത സാധനങ്ങൾ സ്റ്റാക്ക് ചെയ്ത് അളവ് എടുത്തിട്ടില്ല</u>

സപ്ലൈ ചെയ്ത സാധനങ്ങൾ സ്റ്റാക്ക് ചെയ്ത് അളവ് തിട്ടപ്പെടുത്താതെ, ഒരു വർക്കിന് ആവശ്യമായ സാധനങ്ങളുടെ അളവ് പ്രകാരമുള്ള തുക കരാറുകാരന് നൽകുകയാണ് ചെയ്യുന്നത്. എസ്റ്റിമേറ്റിൽ കണക്കാക്കിയിട്ടുള്ള അളവിൽ തന്നെ മറ്റീരിയൽസ് സപ്ലൈ ചെയ്തതിന് തെളിവായി പാറേക്കാട്ടിൽ കൺസ്ട്രക്ഷൻസ് , തുറവൂർ എന്ന സ്ഥാപനത്തിൽ നിന്നുള്ള ബില്ലുകളാണ് ഹാജരാക്കിയിട്ടുള്ളത്.

സി) <u>സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത</u>

ഓരോ വർക്കിനും ഉപയോഗിച്ച സാധനങ്ങളുടെ അളവ് തന്നെ വരവായി രേഖപ്പെടുത്തുന്നു. 2019-20 വർഷവും ഇപ്രകാരം തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വാങ്ങിയ സാധനങ്ങൾ അളവെടുത്ത് സ്റ്റോക്കിലെടുക്കേണ്ടതും, മുകളിൽ പരാമർശിച്ച ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് വിനിയോഗിക്കേണ്ടതുമാണ്.

മേൽ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികളെടുത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് എന്ന തസ്തികയിൽ നിയമനം

2019-20 സാമ്പത്തികവർഷത്തിൽ ശ്രീമതി.നിഷാ ബിജു ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് എന്ന തസ്തികയിൽ സേവനമനുഷ്ഠിച്ചിട്ടുള്ളതായി കാണുന്നു. പ്രതിമാസം 7500/- രൂപ നിരക്കിൽ 2019-20 സാമ്പത്തികവർഷത്തിൽ (രണ്ട് മാസങ്ങളിലൊഴികെ) ടിയാൾക്ക് വേതനം നല്കിയിട്ടുള്ളതായും കാണുന്നു. ഡെയിലി വേജ് എന്നാണ് വൌച്ചറിൽ ഡിസ്ക്രിപ്ഷൻ ആയി രേഖപ്പെടുത്തിയിട്ടുള്ളത്. 2020 മാർച്ച് മാസത്തിൽ 3500/- രൂപയാണ് വേതനമായി നല്കിയിട്ടുള്ളത്. ഏപ്രിൽ 2020 ൽ ആണ് തുക നല്കിയിട്ടുള്ളത് (വൗച്ചർ നമ്പർ 2200018/1-4-2020). പഞ്ചായത്തുകളിലെ ഫ്രണ്ട് ഓഫീസ് സംവിധാനം സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം(സ. ഉ. (കൈ) നം. 123/2009/ത.സ്വ.ഭ.വ. തിയതി 02-07-2009) ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് ആയി ക്ളറിക്കൽ ജീവനക്കാരെ പ്രതിദിന ചംക്രമണം അടിസ്ഥാനത്തിൽ നിയോഗിക്കേണ്ടതാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഇതിന് വിരുദ്ധമായി ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് തസ്തികയിൽ ഡെയിലി വേജ് ബേസിസിൽ നിയമനം നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി നല്കിയിരുന്നു (നമ്പർ 2/13.12.2021). പഞ്ചായത്തിലെ ISO സർട്ടിഫിക്കേഷൻ ജോലികളുടെ ഭാഗമായി ഓഫീസ് അസിസ്റ്റന്റിനെ നിയോഗിക്കേണ്ടി വന്നതിനാലാണ് ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് തസ്തികയിൽ ഇത്തരത്തിൽ നിയമനം നടത്തിയിട്ടുള്ളതെന്നാണ് മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ ഫ്രണ്ട് ഓഫീസിൽ ജീവനക്കാരെ ഡ്യൂട്ടിക്ക് നിയോഗിക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവിന് വിരുദ്ധമായി പുതുതായി ഒരു വ്യക്തിക്ക് നിയമനം നല്കിയത് ക്രമപ്രകാരമല്ല. ഭാവിയിൽ, സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചു മാത്രം ദിവസവേതനാടിസ്ഥാനത്തിൽ/ കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തേണ്ടതാണ്.

## 1-23 എസ്.എസ്.കെ. പദ്ധതി-വിനിയോഗവിവരങ്ങൾ,മോണിറ്ററിംഗ് ഫലപ്രദമല്ല .

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 55/2020-21 |
| അടങ്കൽ | 300000/-(പ്ലാൻ-ജനറൽ) |
| ചെലവ് | 300000/- |
| ബിൽ നം. | 179211/2020-21 /20.05.2020 |

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ പഞ്ചായത്തു വിഹിതം മേൽ ബിൽ മുഖാന്തിരം എസ്.എസ്.കെ യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ വിനിയോഗ വിവരം ലഭ്യമല്ല. 2020-21 -ലെ മൊത്തം പ്രവർത്തന കലണ്ടറും2020-21 -ൽ തുക വിനിയോഗിച്ചു എന്ന കൈപ്പറ്റുമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല. 29.01.2018

ലെ സ.ഉ(കൈ) 11/2018/ത.സ്വ.ഭ.വ നമ്പറായുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.(3) പ്രകാരം എസ്.എസ്.എ ക്ക് സർക്കാർ നിശ്ചയിച്ച തുക വകയിരുത്തണമെങ്കിലും പദ്ധതികളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതുണ്ടതുണ്ട്. എന്നാൽ അത്തരത്തിലുള്ള പങ്കാളിത്തം ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക കൈമാറിയിട്ടുള്ളത്. കോവിഡ് പശ്ചാത്തലത്തിൽ ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നും 2020-21 -ലെ വിശദമായ വിനിയോഗ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ് .

## 1-24 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ഉറവൂർ ഗ്രാമപഞ്ചായത്തിന്റെ വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടുന്നതിനായും/മാറ്റി സ്ഥാപിക്കുന്നതിനുമായി 2020-21 വർഷത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ചെലവഴിച്ച താഴെ പറയുന്ന തുകകൾക്ക് നാളിതു വരെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2020-21

| ക്രമ നം. | പ്രോജക്ട് നം. | വാർഡ് | ബിൽ നം./തിയതി | തുക |
|---|---|---|---|---|
| 1 | 133/20-21 | 11 | 138314/11.04.2020 | 182000 |
| 2 | 133/20-21 | 11 | 218038/06.04.2020 | 85000 |
| ആകെ | | | | 267000 |

വിനിയോഗ രേഖകളുടെ അഭാവത്തിൽ 267000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

## 1-25 കുടുംബശ്രീ യൂണിറ്റുകൾക്ക് സ്വയം തൊഴിൽ സംരംഭം(തുണിസഞ്ചി നിർമ്മാണം)-പദ്ധതിയുടെ നിർവ്വഹണം നിരീക്ഷിക്കപ്പെടുന്നില്ല.

പദ്ധതി : 152/20-21, കുടുംബശ്രീ യൂണിറ്റുകൾക്ക് സ്വയംതൊഴിൽ

അടങ്കൽ : 5,00,000/(പ്ലാൻ ജനറൽ)

ചെലവ് : 3,50,000/-

നിർവ്വഹണം : അസി.സെക്രട്ടറി

ബിൽ നം,തിയ്യതി. 638044/20.10.20

മേൽ പദ്ധതി പ്രകാരം 10 കുടുംബശ്രീ യൂണിറ്റുകൾക്ക് സ്വയം തൊഴിലിനായി 50000/- രൂപ വീതം സബ്സിഡിയായി വിതരണം ചെയ്യുന്നതാണ് പദ്ധതി. തൻവർഷം അപേക്ഷ ലഭിച്ച 7 കുടുംബശ്രീ യൂണിറ്റുകൾക്കായുള്ള 50000/രൂപ കുടുംബശ്രീ യൂണിറ്റുകൾ വായ്പയെടുത്ത ഐ.ഡി.ബി.ഐ ബാങ്കിന്റെ അങ്കമാലി ശാഖയിലേക്ക് അസിസ്റ്റന്റ് സെക്രട്ടറി കൈമാറുകയുണ്ടായി.

അമല, പ്രതീക്ഷ, ഒരുമ, മിത്ര, എവർഗ്രീൻ,സാജ്,മരിയ എന്നീ 7 യൂണിറ്റുകൾക്ക് വേണ്ടിയാണ് കൈമാറിയത്.

പദ്ധതിയുമായി ബന്ധപ്പെട്ട താഴെ പറയുന്നവിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

1. നിർവ്വഹണ ഉദ്യോഗസ്ഥൻ പണം കൈമാറിയ ബാങ്കുമായി കരാർ വച്ചതിന്റെ രേഖകൾ.

2. യൂണിറ്റുകൾക്ക് വായ്പ നൽകിയ ബാങ്ക് പ്രസ്തുത യൂണിറ്റുകളുമായി സംയുക്തമായി ഏർപ്പെട്ട കരാറിന്റെ പകർപ്പ്.

3. സി. ഡി എസ്സുമായി ബന്ധപ്പെട്ട് ലഭ്യമായ വിവരം അനുസരിച്ച് ഒരു ലക്ഷം രൂപ 3 വർഷത്തേക്ക് 11 % പലിശക്ക് വായ്പയെടുത്തതായും ഒരു ലക്ഷം പൂർണ്ണമായും അടവാക്കുന്നമുറക്കേ സബ്സിഡി തിരികെ യൂണിറ്റിന് ലഭിക്കുകയുള്ളൂ എന്നാണ്. ഇത് സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമാണ്. ആയതിന്റെ നിജസ്ഥിതി വ്യക്തമല്ല.

4. രണ്ട് യൂണിറ്റുകളുടെ ബാങ്ക് പാസ്ബുക്കുകൾ ലഭ്യമാക്കിയതിൽ നിന്നും 10.1.2021 മുതൽ പ്രതിമാസം 3274/- രൂപ വീതം ലോൺ തിരിച്ചടവാക്കു ന്നതായും ഓഡിറ്റ് തീയതി വരെ 40000/ ത്തോളം രൂപ അടവാക്കിയിട്ടുമുണ്ട്. യൂണിറ്റുകളുടെ ലോൺ അടവ് 50000/- രൂപയും പലിശയും ബാങ്കിന് ലഭിക്കുന്നമുറക്ക് സബ്സിഡി തുക ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ടിലേക്ക് വരവ് വയ്ക്കുന്നതിന്സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ച കരാർ വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമല്ല.

സർക്കാർ മാർഗ്ഗരേഖപ്രകാരം സ്വീകരിച്ച നടപടികൾ, പദ്ധതിയുടെ നടത്തിപ്പിന്റെ തുടർ വിവരങ്ങൾ എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(24/18.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവർ ബാങ്കുമായുണ്ടാക്കിയ കരാർ, നിർവ്വഹണ ഉദ്യോഗസ്ഥൻ കൈമാറിയ തുക ബാങ്ക് പലിശ സഹിതം ഗുണഭോക്താക്കൾക്ക് യഥാസമയം കൈമാറിയിട്ടുണ്ടോ എന്നിവ ഉറപ്പുവരുത്തി അടുത്ത ഓഡിറ്റ് വേളയിൽ പരിശോധനക്ക്

ലഭ്യമാക്കേണ്ടതാണ്.

1-26 സുഭിക്ഷ കേരളം-തരിശ് ഭൂമി കൃഷി-സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് | 1)സുഭിക്ഷ കേരളം-തരിശ് ഭൂമിയിൽ നെൽ കൃഷി , 190/2021 |
| നിർവ്വഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 1) 264300/-(വികസനഫണ്ട്-ജനറൽ)<br>2)528600/-(മറ്റുള്ളവ) |
| ചെലവ്(ബിൽ നം.തീയതി) | 1) 264300/-<br>67192/- (926568/12.01.2021)<br>58460/- (036654/4.2.21)<br>138648/- ( 287482/18.3.21) |

സുഭിക്ഷ കേരളം പദ്ധതി പ്രകാരം(സ.ഉ.(സാധാ)നം.1009/2020/ത.സ്വ.ഭ.വ,തീയതി.29.05.2020) തരിശ് ഭൂമി കൃഷിയ്ക്ക് ധനസഹായം നൽകിയതിൽ മേൽ ബില്ലുകൾ പ്രകാരം2,64,300/--രൂപ ഗുണഭോക്താക്കൾക്ക് നല്കിയിരുന്നു.

സുഭിക്ഷ കേരളം പദ്ധതി പ്രകാരം കർഷകനും,ഉടമയ്ക്കും അനുവദിക്കാവുന്ന പരമാവധി ധനസഹായം നിജപ്പെടുത്തിയിട്ടുണ്ട്. (ഒരു ഹെക്ടറിന് 35000രൂപ കർഷകനും, 5000 രൂപ ഭൂവുടമക്കും). എന്നാൽ അപ്രകാരം അർഹതപ്പെട്ട തുക ഭൂവുടമയ്ക്ക് നൽകിയിട്ടില്ല. (ഉദാഹരണം ശ്രീ.ഷൈജൻ 188 സെന്റ് 3 പേരിൽനിന്ന് പാട്ടത്തിനെടുത്ത് കൃഷി ചെയ്യതിന് 26312/- രൂപ കൈപ്പറ്റിയിരുന്നു.) എന്നാൽ ഭൂവുടമയിൽ നിന്നും അപേക്ഷ വാങ്ങി നൽകേണ്ട തുക നൽകിയിട്ടില്ല. ചിലർ ഭൂമി നൽകിയ ഗുണഭോക്താക്കളുടെ പാട്ടകരാർ ഇല്ലാതെ നികുതിശീട്ട് മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. മേൽ ഉത്തരവിലെ ഖണ്ഡിക 2.5.6. പ്രകാരം ഭൂവുടമക്ക് നൽകേണ്ട തുക ഉടമക്ക് തന്നെ നൽകേണ്ടതാണെന്നും, ഉടമ തന്നെയാണ് കൃഷി ചെയ്യുന്നതെങ്കിൽ ഉടമക്ക് ഉള്ള തുക ഉൾപ്പെടെ അനുവദിക്കാവുന്നതുമാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഉത്തരവുകളിൽ പറഞ്ഞ തരിശ് ഭൂമിയുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. മോണിറ്ററിങ് കമ്മറ്റി റിപ്പോർട്ടും ഫയലിലില്ല. മേൽ അപാകതകൾക്ക് നൽകിയ(16/18.12.21) ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സൗജന്യമായി പണം ലഭിക്കേണ്ട ഉടമകൾ അപേക്ഷ നൽകാതിരുന്നതിനാലാണ് പണം വിതരണം ചെയ്യാതിരുന്നതെന്നും ഹെക്ടറിന് 35000 രൂപ വീതം എല്ലാ ഗുണഭോക്താക്കൾക്കും നൽകി എന്നാണറിയിച്ചിട്ടുള്ളത്. ഇത് അംഗീകരിക്കാവുന്നതല്ല. കൃഷി ഡയറക്ടറുടെ 11/10/2017-ലെ നമ്പർ ടി.എ.(1)11250/17 മാർഗ്ഗരേഖ പ്രകാരം ഭൂവുടമകൾ കരാർ ഉടമ്പടി നൽകാൻ വിമുഖത കാണിക്കുന്നപക്ഷം കൃഷി ഉദ്യോഗസ്ഥരുടെ വ്യക്തമായ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾക്കും പാട്ടകർഷകർക്കും അർഹതപ്പെട്ട ആനുകൂല്യം നൽകണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഈ വ്യവസ്ഥ പാലിക്കപ്പെട്ടതായി കാണുന്നില്ല. മേൽ പറഞ്ഞ ന്യൂനതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും അപാകതകൾ ആവർത്തിരിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-27 തുടർ വിദ്യാഭ്യാസ നടത്തിപ്പ് (സാക്ഷരത പ്രവർത്തനങ്ങൾ) പദ്ധതി-വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ട് | 1)തുടർ സാക്ഷരത പ്രവർത്തനങ്ങൾ,147/2021 (SO) | 2)തുടർ സാക്ഷരത പ്രവർത്തനങ്ങൾ,11/21 |
| അടങ്കൽ | 58450 | 50000 |
| ചെലവ് വിവരം(ബിൽ/ചെക്ക് നം,തീയതി,തുക) | 1)49200/-<br>(190094/20-21,02.07.2020)<br>2)9250/-<br>(190094/20-21,02.07.2020) | 1)5550/-<br>(193375/20-21,23.02.2021)<br>2)10000/-<br>(193376/20-21,23.02.2021) |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടത്തി വരുന്ന പത്താം തരം തുല്യത, പ്ലസ് ടു തുല്യത എന്നീ കോഴ്സുകൾക്ക് രണ്ട് പ്രോജക്ടുകളിലായി 33(26+7)കുട്ടികളെ രജിസ്റ്റർ ചെയ്യിക്കുകയും അവരുടെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് എന്നീ ഇനങ്ങളിലായി 2019-20 -ൽ ആരംഭിച്ച പദ്ധതിക്കായി 15550/- രൂപയും, 147/21 (സ്പിൽഓവർ പദ്ധതി) പദ്ധതിക്കായി 58450/- രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷന് മേൽ പറഞ്ഞ പ്രകാരം അടവാക്കിയിട്ടുണ്ട്. പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്നും, പദ്ധതിപ്രകാരം എല്ലാ പഠിതാക്കളും പദ്ധതിയിൽ പങ്കെടുത്തിട്ടുണ്ടോയെന്നും പൂർത്തിയാക്കി എല്ലാ ഗുണഭോക്താക്കളും പരീക്ഷയ്ക്ക് ഹാജരായിട്ടുണ്ടോ എന്നും ഫയലിൽ നിന്നും വ്യക്തമല്ല. പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കാത്തതിനാൽ 74000/- രൂപയുടെ (58450 + 15550) ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 ഹോമിയോ മരുന്ന് യഥാസമയം ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് | 15/21, ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ. |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| അടങ്കൽ | 100000/- (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് ) |
| ചെലവ് | 100000/- |
| ബിൽ നമ്പർ | 1/20-21 തീയതി 21. 08.2020 |

2020-21 വർഷം മരുന്ന് ലഭിക്കുന്നതിന് 100000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് 27.08.2020 ന് കൈമാറിയെങ്കിലും ഒരു വർഷത്തിലധികമായി മരുന്നുകൾ ലഭ്യമായിരുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (22/20-21, 17.12.2021) മറുപടിയിൽ ഓഡിറ്റ് നടക്കുന്ന വേളയിൽ മരുന്നുകൾ ലഭ്യമായതായി അറിയിച്ചു. തൻവർഷം ലഭിക്കേണ്ട മരുന്നുകൾ അടുത്തവർഷമാണ് ലഭിക്കുന്നത്. ഇത് സംബന്ധിച്ച് വർക്കിങ്ങ് ഗ്രൂപ്പിന്റെ ഭാഗത്ത് നിന്നും പരിഹാരനടപടികൾ നിർദ്ദേശിക്കേണ്ടതും ഭാവിയിൽ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി ഭരണ സമിതിയുടേയും ആരോഗ്യസ്റ്റാന്റിംഗ് കമ്മറ്റിയുടേയും ഇടപെടലുകൾ അനിവാര്യമാണ്. ലഭ്യമായ മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റ് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-29 ക്ഷീര ഗ്രാമം പദ്ധതി നടത്തിപ്പ് - മാർഗ്ഗരേഖ പാലിച്ചില്ല.

വെറ്ററിനറി ഡോക്ടർ നിർവ്വഹണം നടത്തിയ കറവപശു വിതരണം (വനിത) പദ്ധതിയിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

പദ്ധതി നമ്പർ : 35/20-21, കറവപശു വിതരണം (വനിത)
അടങ്കൽ : 1410000/-, 1155000/-(പ്ലാൻജനറൽ) ,255000/-(തനത്ഫണ്ട്), 14,10,000 (ഗുണഭോക്തൃവിഹിതം)
ആകെ ചെലവ്: 10,20,000/-

ബിൽ നം: 435931/18.8.20 (450,000/-) , നം.539824/22.9.20 (3,90,000/-),നം. 910659/08.01.21, (1,80,000/-)

ഗ്രാമപഞ്ചായത്തിലെ 47 വനിതകൾക്ക് കറവ പശുക്കളെ വാങ്ങുന്നതിനുള്ള ധനസഹായം ലഭ്യമാക്കുന്നതാണ് പ്രൊജക്ട്. ഒരു പശുവിന് പരമാവധി അനുവദനീയമായ വില 60000/- രൂപയും ഇതിൽ സബ്സിഡി തുക 30000/- രൂപയുമാണ്. പദ്ധതി മാർഗ്ഗരേഖ പ്രകാരം വികസന സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർപേഴ്സൻ ചെയർമാനായും നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനറായും മറ്റ് 5 പേർ അടങ്ങിയ കമ്മറ്റിയായിരിക്കണം പശുക്കളെ വാങ്ങി വിതരണം ചെയ്യേണ്ടത്.

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 34 ഗുണഭോക്താക്കൾക്ക് 30000/- രൂപ നിരക്കിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ധനസഹായം അനുവദിക്കുകയുണ്ടായി. പിന്നീട് ഗുണഭോക്താവിന്റെ ഗുണഭോക്തൃ വിഹിതം കൂടി ചേർത്ത് വിൽപ്പനക്കാരന്റെ അക്കൗണ്ടിലേക്ക് ഗുണഭോക്താവ് തുക കൈമാറുകയാണ് ചെയ്തിട്ടുള്ളത്. ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടവാക്കിയിട്ടില്ല. ഗുണഭോക്താവ് പശുവിനെ വാങ്ങിയതുമായി ബന്ധപ്പെട്ട വിലച്ചീട്ട് പ്രകാരം വില്പനക്കാരൻ ഗുണഭോക്താവിൽനിന്നും പണം കൈപ്പറ്റിയതായി സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട മോണിറ്ററിങ്ങ് റിപ്പോർട്ടില്ല.

സബ്സിഡി മാർഗ്ഗരേഖ, സ.ഉ (കൈ)നമ്പർ 22/2018 ത.സ്വ.ഭ.വ തീയ്യതി 14.02.2018-ലെ ഖണ്ഡിക 6.2 പ്രകാരം ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് നിർവ്വഹണ ഉദ്യോഗസഥൻ തുക നൽകേണ്ടത്. എന്നാൽ പ്രസ്തുത നിബന്ധന പാലിച്ചതായി കാണുന്നില്ല. സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാതെ തുക ചെലവഴിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(21/18.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാർ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കണമെങ്കിൽ സർക്കാരിൽ നിന്നും പദ്ധതി നടപ്പാക്കുന്നതിനു മുമ്പ് അനുമതി ആവശ്യമാണ്. അല്ലാത്തപക്ഷം പദ്ധതിരേഖയിൽനിന്നും വ്യതിചലിച്ച് നടപ്പാക്കുന്നത് പദ്ധതി പണത്തിന്റെ ദുർവ്വിനിയോഗമായാണ് കണക്കാക്കുന്നത്. പദ്ധതി നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലും അവ തെറ്റായ നടപടിക്രമമാണെങ്കിൽ അവ നടപ്പിലാക്കാതിരിക്കാൻ നിർവ്വഹണഉദ്യോഗസ്ഥൻ ബാദ്ധ്യസ്ഥനാണ് . സർക്കാർ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കിയതിനാൽ 10,20,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 പബ്ലിക്ക് ടാപ്പ് കട്ടിങ്ങ് ചാർജ് നൽകിയതിൽ അപാകതകൾ.

പദ്ധതി നമ്പർ : (So)219/21

അടങ്കൽ :434000/- (തനത്ഫണ്ട്)

ചെലവ് : 434000/-

ബിൽ/ചെക്ക് നം. 1022508/06.02.21
വൗച്ചർ നം.22001080/12.02.2021
നിർവ്വഹണം : സെക്രട്ടറി.

പഞ്ചായത്ത് പരിധിയിലുള്ള 260 പൊതു ടാപ്പുകൾക്കാണ് കേരള വാട്ടർ അതോറിറ്റി വെള്ളക്കരം ഈടാക്കി വന്നിരുന്നത്.

30.3.2020 -ന് കെ.ഡബ്ല്യു.എ-യും പഞ്ചായത്തുമായി നടത്തിയ സംയുക്ത പരിശോധനയിൽ ഉപയോഗയോഗ്യമായ 93 ടാപ്പുകൾ നിലനിർത്താൻ തീരുമാനിച്ചു. ശേഷിക്കുന്ന 167 ടാപ്പുകൾ കട്ട് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റിയോട് പഞ്ചായത്ത് ആവശ്യപ്പെട്ടു. തുടർന്ന് കെ.ഡബ്ല്യു.എ 43,4,000/- രൂപയുടെ എസ്റ്റിമേറ്റ് നൽകുകയും 434000/- രൂപ പഞ്ചായത്ത് അടവാക്കുകയും ചെയ്തു.

പിന്നീട് 2.7.21 ലെ 7(1), 6.9.21 ലെ 6(1) എന്നീ തിയ്യതികളിലെ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരം 104 ടാപ്പുകൾ നിലനിർത്തുവാൻ കെ.ഡബ്ല്യു.എ -യോട് ആവശ്യപ്പെട്ടു. തുടർന്ന് 104 ടാപ്പുകൾ നിലനിർത്തിയതായും ശേഷിക്കുന്ന (156) ടാപ്പുകൾ കട്ട് ചെയ്തതായും പ്രവർത്തി പൂർത്തീകരിച്ചതായും 13.10.2021-ൽ (No Kwa/phsa/D2/871/21) കെ.ഡബ്ല്യു.എ എക്സിക്യൂട്ടീവ് എഞ്ചിനീയർ പഞ്ചായത്തിനെ രേഖാമൂലം അറിയിച്ചു.

പദ്ധതിനിർവഹണത്തിൽ കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കെ ഡബ്ല്യു എ ക്ക് പബ്ലിക്ക് ടാപ്പ് കട്ടിങ്ങ് ചാർജ് നൽകിയതിൽ അപാകതകൾ.

പദ്ധതി നമ്പർ : (So)219/21

അടങ്കൽ :434000/- (തനത്ഫണ്ട്)

ചെലവ് : 434000/-

ബിൽ/ചെക്ക് നം. 1022508/06.02.21

വൗച്ചർ നം.22001080/12.02.2021
നിർവ്വഹണം : സെക്രട്ടറി.

പഞ്ചായത്ത് പരിധിയിലുള്ള 260 പൊതു ടാപ്പുകൾക്കാണ് കേരള വാട്ടർ അതോറിറ്റി വെള്ളക്കരം ഈടാക്കി വന്നിരുന്നത്. 30.3.2020 -ന് കെ.ഡബ്ല്യു.എ-യും പഞ്ചായത്തുമായി നടത്തിയ സംയുക്ത പരിശോധനയിൽ ഉപയോഗയോഗ്യമായ 93 ടാപ്പുകൾ നിലനിർത്താൻ തീരുമാനിച്ചു. ശേഷിക്കുന്ന 167 ടാപ്പുകൾ കട്ട് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റിയോട് പഞ്ചായത്ത് ആവശ്യപ്പെട്ടു. തുടർന്ന് കെ.ഡബ്ല്യു.എ 43,4,000/- രൂപയുടെ എസ്റ്റിമേറ്റ് നൽകുകയും 434000/- രൂപ പഞ്ചായത്ത് അടവാക്കുകയും ചെയ്തു.

പിന്നീട് 2.7.21 ലെ 7(1) ,6.9.21ലെ 6(1) എന്നീ തിയ്യതികളിലെ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരം, 104 ടാപ്പുകൾ നിലനിർത്തുവാൻ കെ.ഡബ്ല്യു.എ -യോട് ആവശ്യപ്പെട്ടു. തുടർന്ന് 104 ടാപ്പുകൾ നിലനിർത്തിയതായും ശേഷിക്കുന്ന (156) ടാപ്പുകൾ കട്ട് ചെയ്തതായും പ്രവർത്തി പൂർത്തീകരിച്ചതായും 13.102021-ൽ (No Kwa/phsa/D2/871/21) കെ.ഡബ്ല്യു.എ എക്സിക്യൂട്ടീവ് എഞ്ചിനീയർ പഞ്ചായത്തിനെ രേഖാമൂലം അറിയിച്ചു.
മേൽപ്പറഞ്ഞ പദ്ധതിനിർവഹണത്തിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു

1) 30.03.2020-ൽ കേരള വാട്ടർ അതോറിറ്റിയും പഞ്ചായത്തും നടത്തിയ സംയുക്ത പരിശോധനയിൽ ഉപയോഗയോഗ്യമായ 93 ടാപ്പുകൾക്ക് നിലനിർത്തുവാൻ തീരുമാനിച്ചു.എന്നാൽ മാർച്ച് 2021 വരെ 260 വാട്ടർ ടാപ്പുകല്ൾക്കും കെ.ഡബ്ല്യു.എ വെള്ളക്കരം ഡിമാന്റ് നോട്ടീസ് അയക്കുകയും ആയത് പ്രകാരം പഞ്ചായത്ത് പണം അടവാക്കുകയുംചെയ്തു. അപ്രകാരം പ്രവർത്തിക്കാത്ത ടാപ്പുകളുടെ വെള്ളക്കരം അടാക്കിയത് വഴി പഞ്ചായത്ത് നഷ്ടം സംഭവിച്ചിട്ടുണ്ട്.

2) കേരള വാട്ടർ അതോറിറ്റിയുടെ കണക്ക് പ്രകാരം ആകെയുള്ള260 ടാപ്പുകളിൽ 104 ടാപ്പുകൾ നിലനിർത്തിയതായാണ് പഞ്ചായത്തിനെ രേഖാമൂലം അറിയിച്ചിട്ടുള്ളത്. ബാക്കി 156 ടാപ്പുകളുടെ ഡിസ്മാന്റലിങ്ങ്, മറ്റ് അനുബന്ധ ചാർജുകളും ആയിരുന്നു അടയ്ക്കേണ്ടത്.എന്നാൽ 167 ടാപ്പുകളുടെ ഡിസ്കണക്ഷൻ ചാർജ് അടവാക്കിയതിലൂടെ പഞ്ചായത്തിന് അധിക ചിലവ് ഉണ്ടായിട്ടുണ്ട്.

3) കെ.ഡബ്ല്യു.എ നൽകിയ (2.5.20/11.6.20 No.A3 2020/9067) എസ്റ്റിമേറ്റിൽ 167 ടാപ്പുകളുടെ ഡിസ്കണക്ഷൻ ചാർജും അതിൽ 98 ടാപ്പുകൾ കട്ട് ചെയ്തതിന്റെ സ്ക്രാപ്പിന്റെ ലോഡിംഗ് അൺലോഡിംഗ് , കെ.ഡബ്ല്യു.എ അങ്കമാലി കോമ്പൗണ്ടിൽ സ്റ്റാക്കിങ്ങ് എന്നിവയടക്കമുള്ള ചാർജുമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത് (EST NO.2020/9067) (ObservedData 18269/2020-2021). 167 ടാപ്പുകൾക്ക് ഡിസ്കണക്ഷന് ടാപ്പൊന്നിന് 844.25 രൂപയും കൺവയൻസിന് 98 ടാപ്പുകൾക്ക് 2136.57 രൂപ നിരക്കിലും ആയതിന് പുറമെ പബ്ളിക്കേഷൻ (2 എെറ്റത്തിന് 5000 രൂപ), സെന്റേജ്(10%), ജി.എസ്.റ്റി(12%)

റൗണ്ടോഫ് 444.20, ഉൾപ്പെടെയുള്ള ആകെ തുകയാണ് 4,34,000/-രൂപ.

167 ടാപ്പുകളുടെ ഡിസ്കണക്ഷൻ ചാർജിനു പുറമേ അതിൽ ഉൾപ്പെട്ട98 ടാപ്പുകളുടെ അവശിഷ്ടങ്ങൾ നീക്കം ചെയ്ത് അവ കെ.ഡബ്ല്യു.എ കോമ്പൗണ്ടിൽ കൊണ്ടുപോയി സൂക്ഷിക്കുന്നതിനുള്ള വേണ്ടി പഞ്ചായത്ത് നൽകിയ ചെലവ് തുക 2,58,500/-രൂപ (98x2136.57+2500+21189+25426) അംഗീകരിക്കാവുന്നതല്ല.

4) പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ പുതിയ ലൈൻഇടൽ ഉൾപ്പെടെയുള്ള മുഴുവൻ ചെലവുകളും ഡെപ്പൊസിറ്റ് വർക്കായി പഞ്ചായത്താണ് വഹിക്കാറുള്ളത് . അപ്രകാരം സ്ക്രാപ്പിന്റെ ഉടമസ്ഥാവകാശം സ്വാഭാവികമായും പഞ്ചായത്തിനാണ്. അതല്ല കെ.ഡബ്ല്യു.എ ഉടമസ്ഥാവകാശം സ്ഥാപിക്കുകയാണെങ്കിൽതന്നെയും കെ.ഡബ്ല്യു.എ - യുടെ കൈവശമുള്ള പ്രസ്തുത സ്ക്രാപ്പ് സാധനങ്ങൾ കെ.ഡബ്ല്യു.എ കോമ്പൗണ്ടിൽ കൊണ്ടുപോയി നിക്ഷേപിക്കുന്നതിനുള്ള മുഴുവൻ ചെലവും പഞ്ചായത്തിൽ നിന്നും ഈടാക്കിയ നടപടി അംഗീകരിക്കാവുന്നതല്ല.

5) കെ.ഡബ്ല്യു.എ വിവിധ വാർഡുകളിലായി 167 ടാപ്പുകൾ ഡിസ്കണക്ട് ചെയ്തതായി പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പ്രവർത്തി സംബന്ധിച്ച എം.ബുക്ക്, വർക്ക് ഫയൽ വിശദാംശങ്ങൾ എന്നിവ കെ.ഡബ്ല്യു.എ – യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

6) സെപ്റ്റംബർ 2021- ലെ ഡിമാന്റ് നോട്ടീസ് (No 56817/11.10.21) പ്രകാരം 120 ടാപ്പുകളുടെ വെള്ളക്കരമാണ് ഡിമാന്റ് ചെയ്തത്. ഇത് മുകളിൽ പറഞ്ഞിട്ടുള്ള ടാപ്പുകളുടെ കണക്കുമായി പൊരുത്തപ്പെടുന്നില്ല.

മേൽപറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് നൽകിയ (18/18.12.21) ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മേൽപറഞ്ഞ കാര്യങ്ങളിൽ വ്യക്തത വരുത്തിയിട്ടില്ല.

മേൽ ക്രമനമ്പർ 1 – ൽ പറഞ്ഞ പ്രകാരം പഞ്ചായത്ത് ഒരു വർഷത്തോളം പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം അടവാക്കിയ നടപടി അംഗീകരിക്കുന്നില്ല. അധികമായി ഒടുക്കിയ വെള്ളക്കരം കണക്കുകൂട്ടി കെ.ഡബ്ല്യു.എ -യിൽ നിന്നും തിരിച്ചീടാക്കാത്തപക്ഷം നിർവ്വഹണ ഉദ്ധ്യോഗസ്ഥന്റെ ബാദ്ധ്യതയായിരിക്കുന്നതാണ്.

ക്രമ നമ്പർ 2 പ്രകാരം അധികമായി നൽകേണ്ടിവന്ന ഡിസ്കണക്ഷൻ ചാർജ് കണക്കുകൂട്ടി തിരിച്ചീടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്. ക്രമ നമ്പർ 3,4 പ്രകാരം രേഖപ്പെടുത്തിയ എസ്റ്റിമേറ്റിലെ ഐറ്റം 2, കൺവേയിങ്, ലോഡിങ് അൺലോഡിങ് ഉൾപ്പെടെ വന്ന ചെലവ് അനുവദിച്ച നൽകിയ നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും നഷ്ടം ഈടാക്കേണ്ടതാണ്. ക്രമനമ്പർ 5 – ൽ പറഞ്ഞ രേഖകൾ ലഭ്യമാക്കേണ്ടതും ക്രമനമ്പർ 6 – ൽ പറഞ്ഞ കാര്യത്തിൽ വ്യക്തത വരുത്തേണ്ടതുമാണ്.
മേൽപറഞ്ഞ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | 01.04.2020 ലെ മുന്നിരിപ്പ് | 2020-2021ൽ ലഭിച്ച തുക | ആകെ | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്(320700204) | 2020-21 | 3840000 | 0 | 3840000 | ലൈഫ് ഭവനം -ജനറൽ (171/21) | 1340000 | 600000 |
| | | | | | ലൈഫ് ഭവനം -ജനറൽ (31/21) | 900000 | |
| | | | | | ലൈഫ് ഭവനം -എസ് സി (20/21) | 1000000 | |
| ബ്ലോക്ക് പഞ്ചായത്ത് (160300102) | 2020-21 | 0 | 467500 | 467500 | നെൽക്കൃഷി കൂലിചെലവ്(17/21) | 467500 | 0 |
| | 2020-21 | 0 | 350000 | 350000 | ഭിന്നശേഷി സ്കോളർഷിപ്പ്(43/21) | 350000 | 0 |
| | ആകെ | 3840000 | 817500 | 4657500 | | 4057500 | 600000 |
| ജില്ലാ പഞ്ചായത്ത് (160300101) | 2020-21 | 0 | 1000000 | 1000000 | ലൈഫ് ഭവനം -ജനറൽ (41/21) | 1000000 | 0 |
| | | | 38600 | 38600 | പാൽ സബ്സിഡി (128/21) | 38600 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 350000 | 350000 | ഭിന്നശേഷി സ്കോളർഷിപ്പ്(43/21) | 350000 | 0 |
| | | | 640000 | 640000 | ലൈഫ് ഭവനം -എസ് സി (20/21) | 640000 | |
| | ആകെ | 0 | 2028600 | 2028600 | | 2028600 | |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ(പ്രേജക്ട് നം 45/21) | 22000692, തീ 05-11-21 | 123664 | 0 | 123664 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ(പ്രേജക്ട് നം 133/21) | 22000667, 22000667, തീ 05-11-21 | 267000 | 0 | 267000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് ഭവന വായ്പ – | സർക്കാർ ഉത്തരവ് എം എസ് നം 68/18 തീ.18.05.2018 | 5345345 | 4668874 | 760862 | - | 3908012 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 61,80,330 |
| തൻവർഷം നിക്ഷേപിച്ച തുക | 4,48,170 |
| ആകെ | 66,28,500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 66,28,500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | തുറവൂർ സർവ്വീസ് സഹകരണ ബാങ്ക് | 12.02.2021 | 6 മാസം | 33,14,250 | - |
| 2 | തുറവൂർ സർവ്വീസ് സഹകരണ ബാങ്ക് | 12.02.2020 | 6 മാസം | 33,14,250 | |
| | ആകെ | | | 66,28,500 | |

.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 74508418 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 77383047 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 258500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1661000 |

.

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 258500 | കെ.കെ.ജയചന്ദ്രൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 300000 | ഡോ. അരുൺ ബി കൃഷ്ണ, മെഡിക്കൽ ഓഫീസർ , പിഎച്ച്സി |
| 1-24 | 267000 | ശ്രീ കെ.കെ ജയചന്ദ്രൻ, സെക്രട്ടറി |
| 1-27 | 74000 | ശ്രീ കെ.കെ ജയചന്ദ്രൻ, സെക്രട്ടറി |
| 1-29 | 1020000 | ഡോ. പ്രിയ മാത്യൂ, വെറ്ററിനറി സർജൻ |
| ആകെ | 1661000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 3-1

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.കെ.ജയചന്ദ്രൻ, സെക്രട്ടറി | വിരമിച്ചു | ദ്വാരക ഹൗസ്, ദേശം പി.ഒ, ആലുവ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1978-79 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1979-80 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1980-81 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1981-82 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1982-83 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1983-84 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1984-85 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1985-86 | എൽ.എഫ്.ഇ(പി-5)1327/1989/തീയ്യതി 19/9/1989 |

| | |
|---|---|
| 1986-87 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1987-88 | എൽ.എഫ്.ഇ(പി-5)178/1992/തീയതി 14/1/1992 |
| 1988-89 | എൽ.എഫ്.ഇ(പി-5)2757/1992/തീയതി 5/2/1994 |
| 1989-90 | എൽ.എഫ്.ഇ(പി-5)1114/1993/തീയതി 4/1/1994 |
| 1990-91 | എൽ.എഫ്.ഇ(പി-5)1114/1993/തീയതി 4/1/1994 |
| 1992-93 | എൽ.എഫ്.ഇ(പി-5)695/1995/തീയതി 16/2/1998 |
| 1993-94 | എൽ.എഫ്.ഇ(പി-5)695/1995/തീയതി 16/2/1998 |
| 1996-97 | എൽ.എഫ്.ഇ(പി-4)720/2008/തീയതി 3/3/1999 |
| 1997-98 | എൽ.എഫ്.ഇ(പി-4)1220/2001/തീയതി 15/5/2002 |
| 1998-99 | എൽ.എഫ്.ഇ(പി-4)384/03/തീയതി 21/8/2003 |
| 1999-2000 | എൽ.എഫ്.ഇ(പി-4)1673/03/തീയതി 1/7/2004 |
| 2000-01 | എൽ.എഫ്.ഇ(പി-4)1297/04/തീയതി 18/4/2005 |
| 2001-02 വരവ് | എൽ.എഫ്.ഇ(പി-4)1298/04/തീയതി 11/4/2005 |
| 2001-02 പദ്ധതിചെലവ് | എൽ.എഫ്.ഇ(പി-4)502/04/തീയതി 4/6/2004 |
| 2002-03 | എൽ.എഫ്.ഇ(പി-4)1299/04/തീയതി 11/4/2005 |
| 2003-04 | എൽ.എഫ്.ഇ(പി-4)1675/08/തീയതി 30/5/2009 |
| 2004-05 | എൽ.എഫ്.ഇ(പി-4)201/07/തീയതി 13/3/2007 |
| 2006-07 | എൽ.എഫ്.ഇ(പി-4)1676/08/തീയതി 30/5/2009 |
| 2007-08 | എൽ.എഫ്.ഇ(പി-4)1078/09/തീയതി 24/11/2009 |
| 2008-09 | എൽ.എഫ്.ഇ(പി-4)842/12/തീയതി 19/7/2012 |
| 2009-10 | എൽ.എഫ്.ഇ(പി-4)843/12/തീയതി 19/7/2012 |
| 2010-11 | എൽ.എഫ്.ഇ(പി-4)844/12/തീയതി 19/7/2012 |
| 2011-12 & 2012-13 | എൽ.എഫ്.ഇ(പി-4)1012/14/തീയതി 27/8/2014 |
| 2013-14& 2014-15 | കെ.എസ്.എ-ഇ.കെ.എം(പി.4എ)13/2016 തീയതി.21/1/2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി.4)2144/2016 തീയതി.08/02/2016 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി.4)1246/2017 തീയതി.21/07/2017 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം(പി.4)2043/2018 തീയതി. 02/11/2018 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം(പി.4)3/2020 തീയതി. 16/01/2020 |
| 2019-20 | കെ.എസ്.എ-ഇ.കെ.എം(പി.4)1910/2021 തീയതി. |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഉറവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്